# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നൊച്ചാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA.KKD/P10/1541/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 25/10/2024
ഇ-മെയിൽ:
dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നൊച്ചാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.KKD/P10/1541/2024 തീയ്യതി: 25/10/2024

## കോഴിക്കോട് ജില്ലയിലെ നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2023 മുതൽ 22-07-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-07-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.നന്ദന.എസ്.പിള്ളൈ (കെ.എ.എസ്) | ഡെപ്യൂട്ടി ഡയറക്ടർ | 23-07-2024 | 30-07-2024 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-07-2024 | 30-07-2024 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഗിരീശൻ പാറപ്പൊയിൽ ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീരാജീവൻ.എൻ അസി. ഓഡിറ്റ് ഓഫീസർ
ശ്രീ.ശ്രീജിത്ത്.കെ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.വിജേഷ്.കെ.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ
കുമാരി.രൂവിത.ആർ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശാരദ പട്ടേരിക്കണ്ടി | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ. അനീഷ് അരവിന്ദ് | സെക്രട്ടറി | 01-04-2023 | 31-03-2024 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഷബീന. കെ. പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീ. സുധീഷ് കുമാർ ഒ വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 30-04-2023 |
| ശ്രീമതി. നീന പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-05-2023 | 31-03-2024 |
| ശ്രീമതി. അശ്വതി ഹർഷൻ | കൃഷി ഓഫീസർ | 01-04-2023 | 07-12-2023 |
| ശ്രീ. ജിജോ ജോസഫ് ടി | കൃഷി ഓഫീസർ | 07-12-2023 | 31-03-2024 |
| ഡോ. റസീന മന്നത്ത് | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീ. യദുകൃഷ്ണൻ ആർ പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് 2 | 01-04-2023 | 31-03-2024 |
| ശ്രീമതി. ഷീന ടി പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 15-02-2024 |
| ശ്രീമതി. ഷഹീന പി | ഐ സി ഡി സി എസ് സൂപ്പർ വൈസർ | 01-04-2023 | 17-01-2024 |
| ശ്രീമതി. രജനി സി | ഐ സി ഡി സി എസ് | 18-01-2024 | 31-03-2024 |

| | | | |
|---|---|---|---|
| | സൂപ്പർ വൈസർ | | |
| ശ്രീ. ജയപ്രകാശ് ഇ കെ | ഫിഷറീസ് ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി. ജിഷ ഒ കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 28-07-2023 |
| ശ്രീമതി. ജസിത റഹ്മാൻ വി കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 29-07-2023 | 31-03-2024 |
| ഡോ. അബ്ദുള്ള റാസിക്ക് ടി | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2023 | 20-06-2023 |
| ഡോ. ഗ്രീഷ്മപ്രിയ സി | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 21-06-2023 | 31-03-2024 |
| ഡോ. റീന പാട്രിക്ക് | സീനിയർ മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 15-04-2023 |
| ഡോ. ബിജു കെ വി | സീനിയർ മെഡിക്കൽ ഓഫീസർ(ഇൻ ചാർജ്) (ആയുർവേദം) | 16-04-2023 | 10-05-2023 |
| ഡോ. റീന പാട്രിക്ക് | സീനിയർ മെഡിക്കൽ ഓഫീസർ(ആയുർവേദം) | 11-05-2023 | 14-06-2023 |
| ഡോ. കൃഷ്ണകുമാർ ആർ | ചീഫ് മെഡിക്കൽ ഓഫീസർ (ആയുർവേദം) | 15-06-2023 | 10-08-2023 |
| ഡോ. റീന പാട്രിക്ക് | സീനിയർ മെഡിക്കൽ ഓഫീസർ (ആയുർവേദം) | 11-08-2023 | 17-08-2023 |
| ഡോ. പ്രിയ എ | ചീഫ് മെഡിക്കൽ ഓഫീസർ (ആയുർവേദം) | 18-08-2023 | 29-11-2023 |
| ഡോ. റീന പാട്രിക്ക് | സീനിയർ മെഡിക്കൽ ഓഫീസർ(ആയുർവേദം) | 30-11-2023 | 16-12-2023 |
| ഡോ. പ്രിയ എ | ചീഫ് മെഡിക്കൽ ഓഫീസർ (ആയുർവേദം) | 17-12-2023 | 31-03-2024 |
| ശ്രീ.ബാബുരാജ്.പി.കെ | ഹെഡ് മാസ്റ്റർ | 01-04-2023 | 31-03-2024 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല | 1-1-1 |
| 3 | വാർഷിക കണക്കിൽ എല്ലാ പത്രികകളും സമർപ്പിച്ചില്ല | 1-1-2 |
| 4 | മെയിന്റനൻസ് പ്രവൃത്തികളുമായി ബന്ധപ്പെട്ട ചെലവുകൾ ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ടിൽ പ്രതിഫലിച്ചില്ല | 1-1-3 |
| 5 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ക്യാഷ് ഫ്ലോ പത്രികയിൽ പൊരുത്തക്കേട് | 1-1-5 |
| 7 | നൽകി മൂന്ന് മാസത്തിലധികമായിട്ടും പണമാക്കാത്ത ചെക്കുകൾ സ്റ്റേൽ ചെക്ക് എന്ന ശീർഷകത്തിലേക്ക് മാറ്റിയില്ല. | 1-1-6 |
| 8 | ബാങ്കിൽ നിക്ഷേപിച്ച തുകകൾ നാളിതുവരെ ക്രഡിറ്റ് ആയില്ല- തുടർ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച | 1-1-7 |
| 9 | എല്ലാ ബാങ്ക് അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല. | 1-1-8 |
| 10 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-9 |
| 11 | ഡിപ്രീസിയേഷൻ | 1-1-10 |
| 12 | B-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയ്ക്ക് കൃത്യമായ വിവരങ്ങൾ ഇല്ല | 1-1-11 |
| 13 | ബജറ്റ് -രൂപീകരണത്തിലും നിർവ്വഹണത്തിലും അപാകതകൾ | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഫണ്ട് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 18 | രസീത് ബുക്കിലെ അപാകതകൾ | 1-7 |
| 19 | തൊഴിൽ നികുതി അപാകതകൾ | 1-8 |
| 20 | വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തിയാക്കിയില്ല | 1-9 |
| 21 | വസ്തു നികുതി കണക്കാക്കിയതിൽ അപാകത | 1-10 |
| 22 | കെട്ടിട നിർമ്മാണ ചട്ട പ്രകാരമുള്ള നടപടികൾ പാലിക്കാതെ കെട്ടിടത്തിന് ഒക്യുപ്പൻസി നൽകി | 1-11 |

| | | |
|---|---|---|
| 23 | തനത് ഫണ്ട് ചെലവുകളുടെ കാര്യത്തിൽ നടപടിക്രമങ്ങൾ പാലിക്കുന്നില്ല | 1-12 |
| 24 | ഫയൽ നടപടികൾ പൂർണ്ണമായും ILGMSൽ - എല്ലാ പ്രവർത്തനങ്ങളും ഓഡിറ്റ് ചെയ്യപ്പെട്ടില്ല | 1-13 |
| 25 | ഭൂനികുതി അടവാക്കുന്നില്ല | 1-14 |
| 26 | റവന്യൂ ചെലവുകൾ രേഖപ്പെടുത്തുന്നതിൽ അപാകത | 1-15 |
| 27 | ബാധ്യതയിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് തുക നൽകി | 1-16 |
| 28 | ക്ലെയിം ചെയ്യാതെ യാത്രാബത്ത നല്കി | 1-17 |
| 29 | അങ്കണവാടികളിലെ ഗ്യാസ് കണക്ഷൻ -വാണിജ്യ കണക്ഷനുകൾ ഗാർഹിക കണക്ഷനിലേക്ക് മാറ്റാൻ നടപടി സ്വീകരിച്ചില്ല | 1-18 |
| 30 | ശുചിത്വ കിണർ - അനർഹനായ ഗുണഭോക്താവിന് സബ്സിഡി നൽകി | 1-19 |
| 31 | ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ച | 1-20 |
| 32 | ഹോമിയോ മരുന്നുകൾ മുഴുവനായും ലഭിച്ചില്ല | 1-21 |
| 33 | ആശ്രയ വീട് റിപ്പയർ തുക ചെലവഴിക്കാതെ സി.ഡി.എസ് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 1-22 |
| 34 | എസ്.സി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - അധിക തുക നൽകി | 1-23 |
| 35 | ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ അക്കൗണ്ടുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിൽ വീഴ്ച | 1-24 |
| 36 | സിമന്റിന് മാർക്കറ്റ് നിരക്കിൽ അധികരിച്ച നിരക്കിൽ കരാർ നൽകി. | 1-25 |
| 37 | കരാർ ചമച്ചതിൽ അപാകത | 1-26 |
| 38 | തുല്യതാ പഠന ഫീസ്- തുക അധികം നൽകി | 1-27 |
| 39 | എസ്റ്റിമേറ്റിൽ വിഭാവനം ചെയ്യാത്ത പ്രവൃത്തി നിർവ്വഹിച്ചു | 1-28 |
| 40 | ആസൂത്രണത്തിലെ അപാകത മൂലം നിർവ്വഹിച്ച പ്രവൃത്തി പൊളിച്ചുമാറ്റി | 1-29 |
| 41 | ആസ്തി അതിരുകൾ ഉറപ്പാക്കാതെ പ്രവൃത്തി നിർവ്വഹിച്ചു. | 1-30 |
| 42 | മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയില്ല. | 1-31 |
| 43 | മെയിന്റനൻസ് ഗ്രാന്റ് വക മാറ്റി ചെലവഴിച്ചു. | 1-32 |
| 44 | കുടിവെള്ള വിതരണം- നടപടി ക്രമങ്ങളിൽ വീഴ്ച. | 1-33 |
| 45 | വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-34 |
| 46 | ജെം പോർട്ടലിൽ നിന്നുള്ള വാങ്ങലുകൾ- വിശദാംശം ലഭ്യമാക്കിയില്ല. | 1-35 |

| | | |
|---|---|---|
| 47 | സാമ്പത്തിക ഔചിത്യം പാലിക്കാതെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നു. | 1-36 |
| 48 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - ഹരിതകർമ്മസേന പ്രവർത്തനാവലോകനം | 1-37 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | എസ്റ്റിമേറ്റിൽ വിഭാവനം ചെയ്യാത്ത പ്രവൃത്തി നിർവ്വഹിച്ചു | 3-1 |
| 2 | ആസൂത്രണത്തിലെ അപാകത മൂലം നിർവ്വഹിച്ച പ്രവൃത്തി പൊളിച്ചുമാറ്റി | 3-2 |
| 3 | ശുചിത്വ കിണർ - അനർഹനായ ഗുണഭോക്താവിന് സബ്സിഡി നൽകി | 3-3 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുക | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 15.05.2024 തീയതിയിലെ 1/1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 16.05.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനുവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നൊച്ചാട് ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

സ്ഥലം : കോഴിക്കോട്
തീയതി: 25.10.2024

1-1-1 ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല

2023-24 വർഷം സമർപ്പിക്കപ്പെട്ട ബില്ലുകളിൽ പെയ്മെന്റ് ആവാതെ ക്യൂ ബിൽ ആയ വിവിധ ഫണ്ടുകളിലെ തുകകൾ ബാലൻസ് ഷീറ്റിൽ അതാത് ഫണ്ടുകളുടെ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 വാർഷിക കണക്കിൽ എല്ലാ പത്രികകളും സമർപ്പിച്ചില്ല

വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളതും എന്നാൽ സ്ഥിരീകരിക്കാത്തതുമായ തുകകൾ സംബന്ധിച്ചുള്ള അക്കൗണ്ട് കുറിപ്പുകൾ, അനുപാതങ്ങൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-3 മെയിന്റനൻസ് പ്രവൃത്തികളുമായി ബന്ധപ്പെട്ട ചെലവുകൾ ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ടിൽ പ്രതിഫലിച്ചില്ല

2023-24 വർഷം മെയിന്റനൻസ് ഫണ്ട് ഇനത്തിൽ 62,38,853/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ തുക വാർഷിക കണക്കിലെ Income & Expenditure Statementലെ I-14(E) Maintenance Projects എന്ന ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-4 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്ക് ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി 15,16,830/-രൂപ ചെലവഴിക്കാൻ നീക്കിയിരിപ്പുള്ളതായി കാണിച്ചിട്ടുണ്ട്. എന്നാൽ B-17 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായുള്ള ട്രഷറി അക്കൗണ്ടിൽ നീക്കിയിരിപ്പില്ല. ബാലൻസ് ഷീറ്റ് B-4 പ്രകാരം നീക്കിയിരിപ്പുള്ള ഈ തുക ഏതിനത്തിൽ വന്ന തുകയാണ് എന്ന് പരിശോധിച്ച് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

1-1-5 ക്യാഷ് ഫ്ലോ പത്രികയിൽ പൊരുത്തക്കേട്

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

1-1-6 നൽകി മൂന്ന് മാസത്തിലധികമായിട്ടും പണമാക്കാത്ത ചെക്കുകൾ സ്റ്റേൽ ചെക്ക് എന്ന ശീർഷകത്തിലേക്ക് മാറ്റിയില്ല.

കൽപ്പത്തൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ചാലിക്കര(1000041)നമ്പർ ഓൺ ഫണ്ട് അക്കൗണ്ടിൽ ചുവടെ കൊടുത്ത മൂന്ന് മാസത്തിലധികമായി പണമാക്കാത്ത ചെക്കുകൾ സ്റ്റേൽ ചെക്ക് എന്ന ശീർഷകത്തിലേക്ക് മാറ്റിയില്ല.

| ക്രമ നം | വൗച്ചർ നം | വൗച്ചർ തീയതി | ഇൻസ്ട്രുമെന്റ് നം | ഇൻസ്ട്രുമെന്റ് തീയതി | തുക |
|---|---|---|---|---|---|
| 1 | 22300401 | 16-08-23 | 110077 | 16-08-23 | 2000 |
| 2 | 22200289 | 28-07-22 | 107817 | 27-07-22 | 2358 |
| 3 | 22300694 | 10-11-23 | 111313 | 10-11-23 | 700 |

1-1-7 ബാങ്കിൽ നിക്ഷേപിച്ച തുകകൾ നാളിതുവരെ ക്രഡിറ്റ് ആയില്ല- തുടർ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച

റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheque Deposited But Not Credited ആയി ചുവടെ കൊടുത്ത തുകകൾ കാണുന്നു. ആയത് പരിശോധിച്ച് പ്രസ്തുത തുകകൾ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചില്ല.

| ക്രമ നം | ബാങ്ക് | വൗച്ചർ നം | വൗച്ചർ തീയതി | ഇൻസ്ട്രുമെന്റ് നം | ഇൻസ്ട്രുമെന്റ് തീയതി | തുക |
|---|---|---|---|---|---|---|
| 1 | കൽപ്പത്തൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ചാലിക്കര(1000041) | 32300172 | 04-10-2023 | 5910076 | 03-10-23 | 11,600 |
| 2 | SBI-E Payment(4080) | 1230000167 | 20-11-2023 | -- | -- | 120 |
| 3 | " | 1230000170 | 28-11-2023 | -- | -- | 120 |
| 4 | " | 1230000171 | 28-11-2023 | -- | -- | 120 |

1-1-8 എല്ലാ ബാങ്ക് അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല.

ചുവടെ കൊടുത്ത ട്രാൻസാക്ഷൻ ഇല്ലാത്തതും 31.03.2024 തീയതിയിൽ നീക്കിയിരിപ്പ് ഇല്ലാത്തതുമായ പഞ്ചായത്തിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകൾ ILGMS ൽ 2023-24 ൽ റിക്കൺസിലിയേഷൻ ചെയ്തിട്ടുണ്ടെങ്കിലും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഈ അക്കൗണ്ടുകളിൽ 2024-25 വർഷം ട്രാൻസാക്ഷൻ നടന്നിട്ടുമുണ്ട്.

A) KGB, ചാലിക്കര A/C No-27924 (Distress)

B) KGB, ചാലിക്കര A/C No-28711 (PFMS HUDCO)

1-1-9 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

നികുതി നികുതിയേതര വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനമാണ് ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നത്.

1-1-10 ഡിപ്രീസിയേഷൻ

ഡിപ്രീസിയേഷൻ കണക്കാക്കിയതിന് വർക്ക്ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

1-1-11 B-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയ്ക്ക് കൃത്യമായ വിവരങ്ങൾ ഇല്ല

വാർഷിക കണക്ക് ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ചുവടെ കൊടുത്ത ഹെഡുകളിൽ കാണിച്ചിരിക്കുന്ന നീക്കിയിരിപ്പ് തുകകൾ ഏത് വർഷം ഏത് പദ്ധതിയ്ക്കായി വരവ് വന്ന തുകയാണെന്നോ ഈ പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്നോ വ്യക്തമാക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ഈ തുകകളുടെ വരവ് ചെലവ് വിവരം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

| Code No | തുക |
|---|---|
| 320100999 | 2,01,968 |

| | |
|---|---|
| 320200399 | 14,524 |
| 320400199 | 9,436 |
| 320700305 | 8,00,000 |
| 320700405 | 4,57,350 |

1-2 ബജറ്റ് -രൂപീകരണത്തിലും നിർവ്വഹണത്തിലും അപാകതകൾ

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 23.3.2023 ന് ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 57,66,935/-രൂപ മുന്നിരിപ്പ് ഉൾപ്പടെ ആകെ 39,14,01,335/-രൂപ വരവും 38,72,56,602/-രൂപ ചെലവും 41,44,733/-രൂപ നീക്കിയിരിപ്പും ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിട്ടുണ്ട്. ബജറ്റ് രൂപീകരണത്തിലും പരിപാലനത്തിലും താഴെ കൊടുത്ത അപാകതകൾ സംഭവിച്ചിട്ടുണ്ട്.

എ) തനത് ഫണ്ട് വാർഷിക പദ്ധതിക്ക്- ബജറ്റ് പ്രൊവിഷനും വാർഷിക പദ്ധതിവകയിരുത്തലും പൊരുത്തപ്പെടുന്നില്ല.

ബജറ്റിൽ മുന്നിരിപ്പും GPG ഉൾപ്പടെയുള്ള തനത് വരുമാനവും ഉൾപ്പെടുന്ന തുകയിൽ നിന്ന് ബജറ്റ് നീക്കിയിരിപ്പും അനിവാര്യ ചുമതലകൾക്കുള്ള റവന്യൂ ചെലവു വിഹിതവും കഴിച്ചാൽ കിട്ടുന്ന തുകയാണ് വാർഷിക പദ്ധതിക്ക് വകയിരുത്തുന്ന തനത് ഫണ്ട്. ഇതു പ്രകാരം 66,29,202/-രൂപ തനത് ഫണ്ടിൽ നിന്നും ബജറ്റിൽ വകയിരുത്തിയതായി കണക്കുകളിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിക്ക് അവസാന രൂപം നല്കുന്ന അന്തിമ പദ്ധതി രേഖ പ്രകാരം വാർഷിക പദ്ധതിക്ക് വകയിരുത്തിയ തനത് ഫണ്ട് 47,38,625/-രൂപ മാത്രമാണ്. അതായത് ബജറ്റിൽ വകയിരുത്തിയ 18,90,577/- രൂപയ്ക്ക് യാതൊരു പദ്ധതികളും സ്ഥാപനം ആസൂത്രണം ചെയ്തില്ലെന്ന് കാണാം. എന്നാൽ വർഷാവസാനം 67,41,091/-രൂപ വകയിരുത്തിയതായും അതിൽ നിന്നും 29,96,827/-രൂപ വിനിയോഗിച്ചതായും അന്തിമ ചെലവു പത്രിക സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ ബജറ്റ് പുതുക്കിയപ്പോൾ തനത് ഫണ്ട് വകയിരുത്തൽ 1,03,54,324/-രൂപയായി ഉയർത്തിയിട്ടുണ്ട്. ഇവിടേയും ബജറ്റ് വകയിരുത്തലും പദ്ധതി വകയിരുത്തലും പൊരുത്തപ്പെടുന്നില്ലെന്ന് കാണാം.

ബി) വാർഷിക പദ്ധതി വകയിരുത്തൽ -ബജറ്റ് പ്രൊവിഷനും പദ്ധതി അടങ്കലും പൊരുത്തപ്പെടുന്നില്ല

ബജറ്റ് പ്രകാരം വാർഷിക പദ്ധതിക്കും ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കുമായി ആകെ 27.69കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ അന്തിമ പദ്ധതി രേഖ പ്രകാരം വാർഷിക പദ്ധതി 12.07കോടി രൂപയുടേതും ആക്ഷൻ പ്ലാൻ പ്രകാരം തൊഴിലുറപ്പ് പദ്ധതി 15.11 കോടി രൂപയുടേതുമാണ്. അതായത് ആകെ പദ്ധതികൾ 27.18 കോടി രൂപയുടേതു മാത്രമാണ്.

ബജറ്റ് പ്രൊവിഷനുമായി വാർഷിക പദ്ധതിക്ക് പൊരുത്തമില്ലെന്ന് ഇത് കാണിക്കുന്നു.

സി) ലോൺ തിരിച്ചടവ് -ബജറ്റ് പ്രൊവിഷനുമായി തിരിച്ചടവ് പൊരുത്തപ്പെടുന്നില്ല

ഓഡിറ്റ് വർഷം ആകെ 22,22,102/-രൂപ ലോൺ തിരിച്ചടവ് ഇനത്തിൽ ചെലവു വന്നിട്ടുണ്ട്. എന്നാൽ ബജറ്റ് പ്രൊവിഷൻ 12 ലക്ഷം മാത്രമാണ്. ബജറ്റ് പുതുക്കിയപ്പോഴും പ്രൊവിഷൻ ഇതേ തുകയായതിനാൽ 10,22,102/-രൂപയുടെ തിരിച്ചടവ് ക്രമരഹിതമാണെന്ന് കാണാം.

ഡി) അനിവാര്യ സാഹചര്യങ്ങളിൽ ബജറ്റ് പുതുക്കുന്നില്ല.

വരവ് ചെലവ് എസ്റ്റിമേറ്റുകളിൽ വരുന്ന മാറ്റങ്ങൾ അപ്പപ്പോൾ തന്നെ ഉൾക്കൊള്ളുന്നതിനായി ബജറ്റ് മുൻകൂട്ടി പുതുക്കണമെന്ന് ബന്ധപ്പെട്ട നിയമങ്ങളും മാന്വലും നിഷ്കർഷിക്കുന്നുണ്ട്. ഓഡിറ്റ് വർഷം

വാർഷികപദ്ധതി 5 തവണ പുതുക്കിയെങ്കിലും വർഷാവസാനം ഒരു തവണ മാത്രമാണ് ബജറ്റ് പുതുക്കിയത്. ബജറ്റ് പുതുക്കിയതിനു ശേഷവും വരവ് ചെലവ് എസ്റ്റിമേറ്റുകളിൽ വന്ന മാറ്റങ്ങൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

ബജറ്റ് തയ്യാറാക്കിയതിലും പരിപാലനത്തിലും വന്ന അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. മറുപടി നല്കേണ്ടതും അടുത്ത ബജറ്റ് കുറ്റമറ്റ തരത്തിൽ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിച്ച് പരാമർശം ഒഴിവാക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം

(റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,62,44,775 |
| വരവ് | 5,68,09,398 |
| ആകെ | 7,30,54,173 |
| ചെലവ് | 5,45,81,241 |
| നീക്കിയിരിപ്പ് | 1,84,72,932 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 1,97,20,000 | 1,97,20,000 | 1,68,80,411 | 28,39,589 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 1,48,63,280 | 1,48,63,280 | 53,88,040 | 94,75,240 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 1,51,72,650 | 1,51,72,650 | 19,96,655 | 1,31,75,995 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 0 | 58,96,600 | 58,96,600 | 42,42,198 | 16,54,402 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് | 11,50,861 | 24,49,000 | 35,99,861 | 27,27,379 | 8,72,482 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് | 6,80,396 | 33,29,143 | 40,09,539 | 30,04,985 | 10,04,554 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 198 | 136683633/- | 125 | 66000002/- | 73 | 63.13% |

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.07.24 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28,410/- രൂപയുടെ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-7 രസീത് ബുക്കിലെ അപാകതകൾ

നൊച്ചാട് ഗ്രാമപഞ്ചായത്തിലെ 2023-24 വർഷത്തെ ഡേ ബുക്ക്, രസീത് ബുക്കുകൾ, ക്ലാർക്കുമാരുടെ ഔട്ട്ഡോർ കളക്ഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) 28097 നമ്പർ രസീത് ബുക്കിൽ രസീത് നമ്പർ 73 ന്റെ ഒറിജിനൽ രണ്ട് തവണ വന്നതായി കാണുന്നു. എന്നാൽ ബുക്കിൽ രേഖപ്പെടുത്തിയ സാക്ഷ്യപത്രത്തിൽ ഇക്കാര്യം സൂചിപ്പിച്ചിട്ടില്ല. കൃത്യമായി പരിശോധിക്കാതെയാണ് സാക്ഷ്യപത്രം നല്കുന്നതെന്ന് ഇത് വ്യക്തമാക്കുന്നു. കൂടാതെ മേൽ രശീതിയുടെ ഒറിജിനൽ സെക്രട്ടറി ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

2) രസീത് ബുക്കുകളിൽ തീയതി രേഖപ്പെടുത്താതെ രസീത് എഴുതി നൽകുന്നു. ഉദാഹരണം ചുവടെ കൊടുക്കുന്നു.

| രസീത് ബുക്ക് നം | തീയതി രേഖപ്പെടുത്താതെ എഴുതിയ രസീറ്റ് നം | ഉപയോഗിച്ച ഉദ്യോഗസ്ഥൻ |
|---|---|---|
| 1742 | 14, 15, 17, 18, 20, 21, 26, 27 | ഉഷാര.സി.എം, ക്ലർക്ക് |
| 1743 | 1 To3, 15 To 23, 44 To 52, 54 To 59, 65 To 70 | ഉഷാര.സി.എം, ക്ലർക്ക് |
| 28101 | 1 | ഡോ. റസീന മന്നത്ത് വെറ്ററിനറി സർജൻ |

3) സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്യാതെ സൂക്ഷിക്കുന്നു. ഉദാഹരണം രസീത് ബുക്ക് നം.28105

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 25/24 തീയതി: 30.07.2024) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-8 തൊഴിൽ നികുതി അപാകതകൾ

തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകത സംബന്ധിച്ചും അപാകത ആവർത്തിക്കാതിരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടും ആയതിൽ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട് എന്ന് കാണുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 204, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിന് വെളിയിലോ ഒരു തൊഴിലിലോ ബിസിനസിലോ ഏർപ്പെട്ടിരിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽമുടക്കുകളിൽ നിന്നു എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളുടെ മേലും തൊഴിൽ നികുതി ചുമത്താവുന്നതാണ്.

എന്നാൽ പഞ്ചായത്ത് പരിധിയിൽ വരുന്ന നിരവധി സ്ഥാപനങ്ങളും അവിടെയുള്ള തൊഴിലാളികളും, വരുമാനമാർജ്ജിക്കുന്ന മറ്റു വ്യക്തികളും തൊഴിൽനികുതി പരിധിയിൽ നിന്നും ഒഴിവായി പോകുന്നതായി കാണുന്നു. ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന തൊഴിൽനികുതി രജിസ്റ്റർ, റിട്ടേണുകൾ തുടങ്ങിയ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) ഗ്രാമ പഞ്ചായത്തിൽ FTE&OS ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന മുഴുവൻ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല. 2023-24 ൽ 495 FTE&OS ലൈസൻസുകൾ ആകെ നൽകിയിട്ടുണ്ട്. ഇതിൽ ഫീൽഡ് പരിശോധന നടത്തി ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾ കണ്ടെത്തി തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് സ്ഥാപന ഉടമകൾക്ക് ഫോറം ഒന്നിൽ നോട്ടീസ് നല്കുകയോ സ്ഥാപന ഉടമകൾ റിട്ടേൺ പഞ്ചായത്തിൽ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ഇതിനാൽ ഈ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന മുഴുവൻ ജീവനക്കാരെയും നികുതിപരിധിയിൽ കൊണ്ടു വരുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ല. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൽ ഇത് പരാമർശിച്ചിട്ടും ആയതിൽ കൃത്യമായ തുടർനടപടികൾ ഉണ്ടായിട്ടില്ല.

നൊച്ചാട് ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള സംരംഭക ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലിചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു. ഇവരിൽ നിന്നും തൊഴിൽ നികുതി റിട്ടേൺ ലഭ്യമാക്കിയിട്ടില്ല.

| ലൈസൻസ് ക്രമ നം | ലൈസൻസ് അപേക്ഷകന്റെ പേര് | വാർഡ് / കെട്ടിട നം | ആവശ്യം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 10/2023-24 | ഫൈസൽ കുന്നമ്മൽ , നൊച്ചാട് | 10/185 A ,B | ഫ്ലോർമിൽ | 3 |

| | | | | |
|---|---|---|---|---|
| 17/2023-24 | സനിൽ കുമാർ എം മെക്കച്ചേരി ,ഉണേരി | 12/542 | ഹോട്ടൽ | 3 |
| 38/2023-24 | ശ്രീ.സന്തോഷ് കുമാർ കെ.കെ കണ്ണിപ്പൊയിൽ താഴെ | 15 | ക്വാറി | 4 |
| 88/23-24 | അലി റാബിദ് , പൊട്ടിപ്പാറ, കരുവമ്പലം | 6/556,557,558, 559,619, 620,620A,622A | തുണിക്കട | 3 |
| 91/23-24 | പ്രദീപൻ , പിഴേടത്തിൽ, സപര്യ, മേഞ്ഞാണ്യം, പേരാമ്പ്ര | 6/128,129,130, 563,564,565 | സൂപ്പർ മാർക്കറ്റ് | 4 |
| 92/23-24 | സുനിഷ കെ സി തൻമനകണ്ടി, കുനിയിൽ | 11/234 | ഹോട്ടൽ | 4 |
| 101/23-24 | സരിത്ത് എസ് ബി സൗഭാഗ്യ, കീഴരിയൂർ | 12/358 | വികുറി ഗോഡൗൺ | 4 |
| 116/23-24 | കുഞ്ഞബ്ദുള്ള ചാത്തോത്ത്പൊയിൽ, ചേനോളി. | 8/17 | ഹോട്ടൽ | 4 |
| 167/23-24 | സെക്രട്ടറി രാവറ്റമംഗലം, ലേബർ കോൺട്രാക്റ്റ് കൺസ്ട്രക്ഷൻ | 16/453C | സിമന്റ് കമ്പി വിൽപ്പന | 3 |
| 175/23-24 | ചന്ദ്രൻ പി എം പാറേന്റമീത്തൽ, ചേനോളി | 6/50K, 50 L | ഹോട്ടൽ | 5 |
| 178/23-24 | രതീഷ് എൻ കെ നടുക്കണ്ടി, ഇരിങ്ങത്ത് | 3/3c | ഭക്ഷണ സാധനങ്ങൾ | 3 |
| 181/23-24 | സുരഭി പി എം പുതുക്കുടിമീത്തൽ, ചേനോളി | 7/467 | ശിവാനന്ദ ഫാർമസ്യൂട്ടിക്കൽസ് | 4 |
| 185/23-24 | സുരേഷ് ബാബു കെ കോണിൽ, കീഴരിയൂർ, കൊയിലാണ്ടി | 6/616 | JCB വർക്ക് ഷോപ്പ് | 3 |
| 204/23-24 | ഹർഷാദ് , മണ്ടോടി | 8/213 C, D | ടൈൽസ് പ്ലംബിംഗ് സാധനങ്ങൾ | 5 |
| 243/23-24 | ഗിരീഷ് കുമാർ എം കെ, മീത്തലെ കാർത്ത്യാട്ട് , ചേനോളി | 5/69A | മലബാർ റെഡി ഫുഡ് ബേക്കറി | 3 |
| 257/23-24 | അഹമ്മദ്, മിന്നത്ത്, നിഷാൻ ജയന്തി റോഡ് | 10/21E | CRUX Mobility Pvt. Ltd | 3 |
| 259/23-24 | മുഹമ്മദ് അലി | 5/583,5/584 | യൂണിറ്റി | 4 |

| | | | | |
|---|---|---|---|---|
| | അബ്ദുള്ള മർവ, മണിയൂർ | | ഹെൽത്ത് കെയർ | |
| 276/23-24 | ഇ കെ പി അബ്ദുൾ ജാബ്ബാർ | 6/170 | വി പി കെ മോട്ടോർസ് പ്രൈവറ്റ് ലിമിറ്റഡ്, അമാന ടൊയോട്ട | 5 |
| 299/23-24 | സാരംഗ് ബി എസ്, ചേരിക്കുന്നമ്മൽ, കൽപ്പത്തൂർ | 17/546 | ഹോട്ടൽ | 3 |
| 303/23-24 | സാബിത്ത്, പുതിയേടത്ത്, ചങ്ങരംവള്ളി, മേപ്പയ്യൂർ | 3/186,187 | ഹോട്ടൽ | 4 |
| 388/23-24 | ഷറഫുദ്ദീൻ എ, പള്ളിത്തൊടി, മൂന്നിയൂർ | 3/22 | പഴയ പ്ലാസ്റ്റിക്ക്, ഇരുമ്പ് തുടങ്ങിയവ യുടെ സംഭരണം | 6 |
| 401/23-24 | വിനോദ്കുമാർ, കുന്നത്ത്, കടമ്പൂർ, ഒറ്റപ്പാലം | 17/434B | ക്വറിയർ സർവ്വീസ് | 5 |

2) ഓഡിറ്റ് എൻക്വയറി നം.02/2024 തീയതി 26-07-2024 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഗ്രാമപഞ്ചായത്തിൽ ആകെ 2143 വാണിജ്യ/വ്യവസായ/ഓഫീസ് ഗണത്തിൽപ്പെട്ട കെട്ടിടങ്ങളുണ്ട്. ഇതിൽ FTE&OS ലൈസൻസ് നൽകിയിരിക്കുന്നത് ആകെ 745 കെട്ടിടങ്ങൾക്കാണ്. ഇത് പ്രകാരം 1398 വാണിജ്യ/വ്യവസായ/ഓഫീസ് കെട്ടിടങ്ങളിൽ ലൈസൻസ് എടുക്കാത്തതായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഉണ്ടാവാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്. 2023-24 വർഷ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാത്തതിനാൽ വാർഡ് തിരിച്ചുള്ള സ്ഥാപനങ്ങളുടെ ആകെ കണക്കും കൃത്യമായി ലഭിക്കുന്നില്ല. ഇതിൽ നിന്നും പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും അതിലെ ജീവനക്കാരും തൊഴിൽ നികുതി പരിധിയിലും FTE&OS ലൈസൻസ് പരിധിയിലും വന്നിട്ടില്ല എന്ന് വ്യക്തമാവുന്നു.

3) FTE&OS ലൈസൻസ് നൽകിയത് ആകെ 745 കെട്ടിടങ്ങളിലാണ് എന്ന് പറയുമ്പോഴും ഇത്രയും കെട്ടിടങ്ങളുടെ വാടക വരുമാനം ആർജിക്കുന്ന കെട്ടിട ഉടമകൾ ഒരാളെ പോലും തൊഴിൽ നികുതി പരിധിയിൽ കൊണ്ടു വരുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. വലിയ തുക വാടക വരുമാനം ആർജിക്കുന്ന ഒന്നിലധികം കെട്ടിടങ്ങളുടെ ഉടമകളെ സഞ്ചയ സോഫ്റ്റ്‌വെയറിലൂടെ എളുപ്പത്തിൽ കണ്ടെത്താമെന്നിരിക്കെ ആയതിന്റെ സാധ്യത പഞ്ചായത്ത് ഉപയോഗപ്പെടുത്തുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടും ആയതിൽ കൃത്യമായ തുടർനടപടികൾ ഉണ്ടായിട്ടില്ല.

4) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. റേഷൻ കടകളിലെ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്തി വിവരം തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയതായും കാണുന്നില്ല. ടിയാളുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 27/24 തീയതി:30.07.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി, FTE&OS ലൈസൻസ് എന്നിവ

സംബന്ധിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-9 വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തിയാക്കിയില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22-03-2023ലെ സ.ഉ(കൈ)നം.77/2023/LSGD നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ 01-04-2023 മുതൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം 2022-23 വർഷം വരെ വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള മുഴുവൻ കെട്ടിടങ്ങളുടെയും വാർഷിക വസ്തു നികുതിയോടൊപ്പം, 2023-24 മുതൽ ഓരോ വർഷവും, തൊട്ട് മുൻ വർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ 5% വീതം വർദ്ധനവ് വരുത്തി ഗ്രാമ പഞ്ചായത്തുകൾ അടുത്ത അഞ്ച് വർഷത്തേക്കുള്ള വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

നൊച്ചാട് ഗ്രാമ പഞ്ചായത്തിൽ 01-04-2023 പ്രാബല്യത്തിൽ പുതുക്കിയ വസ്തു നികുതി അന്തിമ വിജ്ഞാപനം ചെയ്തത് 24-08-2023 നാണ് (തീരുമാനം നം. 4/1 Dtd 19-08-2023). ഇതിൻ പ്രകാരം പുതുക്കിയ വസ്തു നികുതി നിരക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയതും പുതിയ കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിലുള്ള വസ്തു നികുതി ഈടാക്കി തുടങ്ങിയതും 15-09-2023 മുതലാണ്. എന്നാൽ സഞ്ചയയിൽ നികുതി നിരക്ക് പരിഷ്കരിച്ചതിന് മുൻപ് (അതായത് 01-04-2023 മുതൽ സഞ്ചയയിൽ പുതിയ നികുതി നിരക്ക് സെറ്റ് ചെയ്യുന്നത് വരെ) ആകെ 111 പുതിയ കെട്ടിടങ്ങൾക്ക് നികുതി കണക്കാക്കി കെട്ടിട നമ്പർ നൽകിയിട്ടുണ്ട്. ഈ കെട്ടിടങ്ങൾക്ക് നാളിതുവരെ പുതിയ നിരക്കിലുള്ള നികുതി കണക്കാക്കുകയോ ഡിമാന്റ് നോട്ടീസ് കൊടുത്ത് കുറവ് വന്ന നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. ഇതിനായി സഞ്ചയയിൽ IKM പുതിയ മോഡ്യൂൾ ചെയ്തു തരുന്ന മുറയ്ക്ക് ഈ കെട്ടിടങ്ങളുടെ നികുതി പരിഷ്കരിച്ച് ഈടാക്കുന്നതാണ് എന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.02/24 തീ.26-07-24) പഞ്ചായത്ത് മറുപടി നൽകിയിരിക്കുന്നത്.

വസ്തു നികുതി പരിഷ്കരിക്കരിച്ചെങ്കിലും സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിന്

സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും വരുമാന വർദ്ധനയ്ക്കുമായി, നൽകുന്ന സേവനങ്ങൾക്ക് സേവന ഉപനികുതി ഏർപ്പെടുത്തുന്നത് പരിഗണിക്കാവുന്നതായിരിക്കെ ആയത് ഏർപ്പെടുത്തുന്നത് ഭരണ സമിതി പരിഗണിച്ചിട്ടില്ല. നിലവിൽ ആകെയുള്ള 17 വാർഡുകളിൽ 2 വാർഡുകളിലെ നികുതി പരിഷ്കരണ നടപടികൾ മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്. ബാക്കിയുള്ള 15 വാർഡുകളിലെ നികുതി പരിഷ്കരണ നടപടികൾ പൂർത്തിയാക്കിയിട്ടില്ല. നികുതി പരിഷ്കരണത്തിന്റെ ഭാഗമായി ആകെ 20% കെട്ടിടങ്ങളുടെ വിവര ശേഖരണം മാത്രമാണ് പൂർത്തിയായിട്ടുള്ളത് എന്നും, നിലവിലെ ഉത്തരവ് പ്രകാരം ഒരു കെട്ടിടത്തിന്റെ വിവര ശേഖരണ നടപടിയ്ക്കായുള്ള തുക കുറവായതിനാൽ സാങ്കേതിക യോഗ്യതയുള്ള കുട്ടികൾ ഈ പ്രവൃത്തിയിൽ നിന്നും പിൻമാറുകയാണ് എന്നുമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയത്.

കൂടാതെ സഞ്ചയയിലെ നിലവിലെ നികുതി പരിഷ്കരണം പരിശോധിച്ചതിൽ നിന്നും, നിലവിലെ ഒരു കെട്ടിടത്തിൽ (01-04-2023ന് മുൻപ് നികുതി ഈടാക്കി വരുന്ന) അധിക നിർമ്മാണം നടത്തുകയും നികുതി പുതുക്കി കണക്കാക്കുന്നതിനായി സഞ്ചയയിൽ അടിസ്ഥാന വിവരങ്ങൾ നൽകുകയും ചെയ്യുമ്പോൾ കെട്ടിടത്തിന്റെ ഈടാക്കിക്കൊണ്ടിരിക്കുന്ന നികുതി പരിഗണിക്കാതെ കെട്ടിടം മുഴുവനായി പുതിയ കെട്ടിടമായി പരിഗണിക്കപ്പെടുകയും കെട്ടിടത്തിന് മുഴുവനായി പുതിയ നികുതി കണക്കാക്കപ്പെടുകയുമാണ് ചെയ്യുന്നത്. 2024-25 സാമ്പത്തിക വർഷം മുതലാണ് ഈ അപാകത സഞ്ചയയിൽ വന്നിരിക്കുന്നത്. യഥാർത്ഥത്തിൽ നിലവിലെ കെട്ടിടത്തിന്റെ ഭാഗത്തിന് പഴയ നികുതിയും കൂട്ടിച്ചേർത്ത ഭാഗത്തിന് പുതിയ നികുതിയുമാണ് കണക്കാക്കപ്പെടേണ്ടിയിരുന്നത്. ഈ അപാകത ഐ.കെ.എമ്മിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, അവശേഷിക്കുന്ന വാർഡുകളിൽ പരിശോധന നടത്തി വസ്തു നികുതി പരിഷ്കരണ നടപടികൾ അടിയന്തിരമായി പൂർത്തീകരിച്ച്, പുതുക്കിയ നിരക്കിലുള്ള വസ്തു നികുതി ഡിമാന്റ് 100% ഉറപ്പ് വരുത്തി, നികുതി മുഴുവൻ ഈടാക്കി വിശദ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-10 വസ്തു നികുതി കണക്കാക്കിയതിൽ അപാകത

ചുവടെ കൊടുത്ത കെട്ടിടങ്ങളുടെ വസ്തു നികുതി കണക്കാക്കിയതിൽ അപാകത കാണുന്നു.

1) ശ്രീമതി. ഗീത ബാലൻ, ശ്രീമതി. സ്വാതി ജി ബാലൻ എന്നിവരുടെ ഉടമസ്ഥതയിലുള്ളതും ദ്വിതീയ മേഖലയിലുള്ളതുമായ 167.21 $M^2$ ഉള്ള ഇതര വ്യവസായ കെട്ടിടത്തിന് നികുതി കണക്കാക്കി കെട്ടിട നമ്പർ (01/177-D) അനുവദിച്ചപ്പോൾ, കംപ്ലീഷൻ പ്ലാൻ പ്രകാരം 5.5 മീറ്റർ വീതിയുള്ള വഴി സൗകര്യമുണ്ടായിട്ടും കെട്ടിടത്തിന് 5 മീറ്ററിൽ കുറവ് വീതിയുള്ള വഴിയായാണ് സഞ്ചയയിൽ കൊടുത്തിരിക്കുന്നത്. ഇതിനാൽ വസ്തു നികുതിയിൽ 20% കുറവുണ്ടായി.

2) ശ്രീമതി.ബിനു.എസ്.ആർ, കിഴക്കയിൽ മീത്തൽ എന്നവരുടെ ഉടമസ്ഥതയിലുള്ളതും പ്രഥമ മേഖലയിൽ ഉൾപ്പെടുന്നതുമായ വാണിജ്യ കെട്ടിടത്തിന് 17/434 B,C എന്നിങ്ങനെ നമ്പർ നൽകിയതിൽ 17/434 C നമ്പർ കെട്ടിടം (134.24$M^2$) ദ്വിതീയ മേഖലയിലായാണ് നികുതി കണക്കാക്കിയിരിക്കുന്നത്. ഇതിനാൽ വസ്തു നികുതിയിൽ 10% ഇളവ് ഈ കെട്ടിടത്തിന് അനർഹമായി നൽകി.

3) എസ്.ബി.ബ്ലോസം, മഠത്തിൽ എന്നവരുടെ ഉടമസ്ഥതയിൽ നിർമ്മിച്ച ക്വാട്ടേഴ്സ് കെട്ടിടത്തിന് 5/245 B,C,D,E എന്നിങ്ങനെ കെട്ടിട നമ്പർ നൽകിയിട്ടുണ്ട്. കെട്ടിടത്തിന് 266.16$M^2$ വിസ്തീർണ്ണമുണ്ട്. 2024-25 ഒന്നാം അർദ്ധവർഷം മുതലാണ് കെട്ടിടത്തിന് നികുതി കണക്കാക്കി ഈടാക്കി വരുന്നത്. ഫോറം -6 പരിശോധിച്ചപ്പോൾ ക്വാട്ടേഴ്സ് കെട്ടിടമായാണ് പ്ലാൻ സമർപ്പിച്ചിരിക്കുന്നത്. 2023ലെ പുതുക്കിയ വസ്തു നികുതി നിരക്ക് പ്രകാരം അപ്പാർട്ട്മെന്റിൽ ഉൾപ്പെടുന്ന ഈ കെട്ടിടത്തിന് (300$m^2$ൽ താഴെയുള്ള അപാർട്ട്മെന്റ് കെട്ടിടത്തിന്റെ നികുതി നിരക്ക്) ച.മീറ്ററിന് 50/-രൂപ നിരക്കിൽ നികുതി കണക്കാക്കേണ്ടതായിരുന്നു. നിലവിൽ ഒരാളുടെ ഉടമസ്ഥതയിലുള്ള വാസഗൃഹത്തിന്റെ നികുതിനിരക്കായ

ച.മീറ്ററിന് 6/-രൂപ നിരക്കിലാണ് വസ്തു നികുതി കണക്കാക്കിയിരിക്കുന്നത്.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/24 തീ.30-07-24) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി കണക്കാക്കുന്നതിൽ അപാകത ഉണ്ടാകുന്നത് മൂലം പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിക്കുന്നത് ഗൗരവതരമായി കാണേണ്ടതും മേൽനോട്ടത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർ വസതു നികുതി കണക്കാക്കിയതിൽ അപാകതകളില്ല എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-11 കെട്ടിട നിർമ്മാണ ചട്ട പ്രകാരമുള്ള നടപടികൾ പാലിക്കാതെ കെട്ടിടത്തിന് ഒക്യുപ്പൻസി നൽകി

ശ്രീ.മുഹമ്മദ് കോയ, ജമീല കൊയക്കൽ, വെള്ളിയൂർ എന്നവരുടെ ഉടമസ്ഥതയിലുള്ള കൺവെൻഷൻ സെന്ററിന്റെ ഒക്യുപ്പൻസി അപേക്ഷ പ്രകാരം കെട്ടിടത്തിന് ഒക്യുപ്പൻസി നൽകുകയും 10/369 C എന്ന കെട്ടിട നമ്പർ നൽകി നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടത്തിന്റെ നിർമ്മാണ ഫയൽ പരിശോധിച്ചതിൽ പരിശോധന നടത്തിയ അസി.എഞ്ചിനിയറുടെ റിപ്പോർട്ട് പ്രകാരം കെട്ടിടത്തിൽ സൗരോർജ്ജ ജലതാപന/പ്രകാശ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല എന്ന് പറയുന്നു. ഈ അപാകതയ്ക്ക് മറുപടിയായി, മൂന്ന് മാസത്തിനുള്ളിൽ സൗരോർജ്ജ ജലതാപന/പ്രകാശ സംവിധാനം പൂർത്തിയാക്കുന്നതാണ് എന്നാണ് കെട്ടിട ഉടമ അറിയിച്ചത്. എന്നാൽ കെട്ടിട ഉടമ സമർപ്പിച്ച ഈ മറുപടിയുടെ അടിസ്ഥാനത്തിൽ അസി.എഞ്ചിനിയറുടെ റിപ്പോർട്ടിന് വിരുദ്ധമായി, സെക്രട്ടറി കെട്ടിടത്തിന് ഒക്യുപ്പൻസി നൽകുകയും നികുതി ഈടാക്കുകയും ചെയ്ത് ഫയൽ ക്ലോസ് ചെയ്തു. ഓഡിറ്റ് പിരീഡ് വരെ കെട്ടിടത്തിൽ സൗരോർജ്ജ ജലതാപന/പ്രകാശ സംവിധാനം പൂർത്തീകരിച്ചതായി കെട്ടിട ഉടമ സാക്ഷ്യപ്പെടുത്തുകയോ പഞ്ചായത്ത് പരിശോധിക്കുകയോ ചെയ്തിട്ടില്ല. 2011 ലെ കെട്ടിട നിർമ്മാണ ചട്ട പ്രകാരമാണ് ഈ കെട്ടിടത്തിന് പെർമിറ്റ് നൽകിയിരിക്കുന്നത്. ഇതിലെ ചട്ടം 103 പ്രകാരം ഗ്രൂപ്പ് -ഡി (കമ്മ്യൂണിറ്റി ഹാൾ, ഓഡിറ്റോറിയം, കല്യാണ മണ്ഡപം) കൈവശ വിഭാഗങ്ങളിലെ കെട്ടിടങ്ങളുടെ അടിത്തറ വിസ്തൃതി $500M^2$ൽ കൂടുതലാണെങ്കിൽ സൗരോർജ്ജ ജലതാപന/പ്രകാശ സംവിധാനം സജ്ജീകരിക്കേണ്ടതാണ് എന്നും മേൽ കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുൻപ് സൗരോർജ്ജ ജലതാപന/പ്രകാശ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ് എന്നും പറയുന്നു. എന്നാൽ ഇതിന് വിരുദ്ധമായി കെട്ടിടത്തിന് ഒക്യുപ്പൻസി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/24 തീ.30-07-24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് മറുപടി നൽകേണ്ടതാണ്.

## 1-12 തനത് ഫണ്ട് ചെലവുകളുടെ കാര്യത്തിൽ നടപടിക്രമങ്ങൾ പാലിക്കുന്നില്ല

തനത് ഫണ്ടിൽ നിന്നുള്ള റവന്യൂ ചെലവുകൾ നിർവ്വഹിച്ചിരിക്കുന്നത് നടപടിക്രമങ്ങൾ പാലിച്ചാണോയെന്ന് ഫയലുകൾ/വൗച്ചറുകളിൽ നിന്നും വ്യക്തമല്ല. എല്ലാ ചെലവുകളുടേയും നടപടിക്രമങ്ങൾ ആരംഭിക്കുന്നത് ചെലവിനുള്ള ക്ലെയിം (ബിൽ,പേയ്മെന്റ് റിക്വസ്ററ്) ഓഫീസിൽ സമർപ്പിക്കപ്പെടുമ്പോൾ മാത്രമാണ്. എന്നാൽ ഫയൽ ആരംഭിക്കേണ്ടത് ചെലവിന് ആധാരമായ ആവശ്യം ഉന്നയിക്കപ്പെടുമ്പോഴാണെന്ന് കാണാം. ഇതുകൊണ്ട് തന്നെ പേയ്മെന്റ് സമയത്ത് പേമെന്റ് നടത്തപ്പെടുന്ന സേവനത്തിന്റെ / സാധനത്തിന്റെ ആവശ്യകതയുണ്ടോ, ആവശ്യകത എവിടെ നിന്നു ഉയർന്നു വന്നു, വലിയ പർച്ചേസുകളുടെ കാര്യത്തിൽ ഭരണസമിതി/ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തുടങ്ങിയവയുടെ അംഗീകാരമുണ്ടോ, സാധനമോ സേവനമോ വാങ്ങുന്നതിനുള്ള അനുവാദം ആര് നല്കി തുടങ്ങിയ കാര്യങ്ങൾ വെളിവാക്കപ്പെടുന്നില്ല. ഐ.എൽ.ജി.എം.എസ് സോഫ്റ്റ്വെയർ വിന്യസിപ്പിച്ചിട്ടും ഇത്തരം നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നില്ലെന്നത് വീഴ്ചയാണ്. ഇത്തരത്തിൽ ഒരു സേവനത്തിനോ സാധനത്തിനോ പേമെന്റ് നടത്തുമ്പോൾ അതിന് അംഗീകാരം നല്കുന്ന മേൽനോട്ട സംവിധാനത്തിലെ വിവിധ തട്ടുകളായ ജെ.എസ്/എച്ച്.സി, സെക്രട്ടറി, പ്രസിഡന്റ് എന്നിവർക്ക് ചെലവുമായി ബന്ധപ്പെട്ട മേല്പറഞ്ഞ കാര്യങ്ങളൊന്നും അറിയാൻ കഴിയുന്നില്ലെന്നത്, ക്രമക്കേടിനുള്ള സാധ്യത കൂട്ടുന്നതാണ്. ഒരു

അപേക്ഷ/ആവശ്യം ഓഫീസിൽ സ്വീകരിക്കപ്പെടുമ്പോൾ അത് തീർപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങളിൽ, ആവശ്യമുണ്ടെങ്കിൽ മാത്രമുള്ള ഒരു ഘടകം മാത്രമാണ് തുക സ്വീകരിക്കുന്നതോ, ചെലവഴിക്കുന്നതോ എന്ന കാര്യം ഇവിടെ ശ്രദ്ധേയമാണ്. പേമെന്റ് വൗച്ചറുകളുടെ കാര്യത്തിൽ ഇപ്രകാരം ഫയൽ നടപടികളില്ലാതെ തുക ചെലവഴിക്കേണ്ടി വന്ന സാഹചര്യം വിശദീകരിക്കേണ്ടതാണ്.

## 1-13 ഫയൽ നടപടികൾ പൂർണ്ണമായും ILGMSൽ - എല്ലാ പ്രവർത്തനങ്ങളും ഓഡിറ്റ് ചെയ്യപ്പെട്ടില്ല

സ്ഥാപനത്തിന്റെ ധനപരവും ഭരണപരവുമായ എല്ലാ പ്രവർത്തനങ്ങളും ഓഡിറ്റ് വർഷത്തിൽ ILGMS സോഫ്റ്റ്‌വെയർ വഴിയാണ് നിർവ്വഹിക്കപ്പെട്ടത്. ഓഡിറ്റ് നിർവ്വഹിക്കുന്നതിന് ഈ സോഫ്റ്റ്‌വെയറിൽ ഓഡിറ്റർക്ക് ലോഗിൻ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഇതിൽ സാമ്പത്തിക ഇടപാടുകൾ ഉള്ള ഫയലുകൾ മാത്രമാണ് നിലവിൽ കാണാൻ സാധ്യമാകുന്നത്. ഇതുമൂലം സാമ്പത്തിക ഇടപാടുകൾ ഇല്ലാത്ത ഭരണപരമായ നടപടികളൊന്നും തന്നെ ഓഡിറ്റിന്റെ ശ്രദ്ധയിൽ വരുന്നില്ല. പരാതികൾ, വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ, പെൻഷൻ അപേക്ഷകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട ഫയലുകൾ ചില ഉദാഹരണങ്ങളാണ്. നിലവിലെ പ്രസക്തമായ നിയമങ്ങളും ചട്ടങ്ങളും മാന്വലുകളും പ്രകാരം സ്ഥാപനത്തിന്റെ എല്ലാ പ്രവർത്തനങ്ങളും ഓഡിറ്റിന് വിധേയമാക്കേണ്ടതുള്ളതിനാൽ ഓഡിറ്റർ ലോഗിനിൽ എല്ലാ വിവരങ്ങളും ലഭ്യമാകാത്തത് ഓഡിറ്റിന് തടസ്സമായിട്ടുണ്ട്. ഈ പരിമിതിയിലാണ് ഓഡിറ്റ് നിർവ്വഹിക്കപ്പെട്ടത് എന്നതറിയിക്കുന്നതിനൊപ്പം തന്നെ ലോഗിനിൽ എല്ലാ വിവരങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണെന്നും അറിയിക്കുന്നു. ഇക്കാര്യത്തിലുള്ള സ്ഥാപനത്തിന്റെ അഭിപ്രായം അറിയിക്കേണ്ടതാണ്.

## 1-14 ഭൂനികുതി അടവാക്കുന്നില്ല

സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമികളുടെ ഭൂനികുതി കൃത്യമായി അടക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ആധാരം രജിസ്റ്റർ പ്രകാരം ആകെ 37 സ്ഥലങ്ങളുടെ ആധാരങ്ങൾ സ്ഥാപനത്തിലുണ്ട്. ഇതിൽ 10 ഭൂമികളുടെ 2022-23 വരെയുള്ള കാലയളവിലെ നികുതി ഒടുക്കിയിട്ടുണ്ട്. ഒരു ഭൂമിയുടെ നികുതി 2023-24 വർഷത്തേതും ഒടുക്കിയിട്ടുണ്ട്. മറ്റ് ഭൂമികളുടെ നികുതി ഏതു വർഷം വരെയുള്ളവ ഒടുക്കിയിട്ടുണ്ട് എന്ന കാര്യത്തിൽ വ്യക്തതയില്ല.

സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്ററിലെ ഭൂമിയുടെ വിവരങ്ങളും ആധാരം രജിസ്റ്ററിലെ വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആസ്തിരജിസ്റ്റർ പ്രകാരം ആകെ 73 (34+39) സ്ഥലങ്ങൾ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുണ്ടെന്ന് കാണുന്നു. എന്നാൽ മേല്പറഞ്ഞ പ്രകാരം 37 ആധാരങ്ങൾ മാത്രമാണ് സ്ഥാപനത്തിലുള്ളത്.

മേല്പറഞ്ഞവയിൽ വ്യക്തത ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/30.07.2024) മറുപടി നല്കിയിട്ടില്ല. ഇക്കാര്യത്തിൽ വ്യക്തത വരുത്തേണ്ടതും എല്ലാ ഭൂമികളുടേയും നാളിതുവരെയുള്ള നികുതി ഒടുക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-15 റവന്യൂ ചെലവുകൾ രേഖപ്പെടുത്തുന്നതിൽ അപാകത

തനത് ഫണ്ടിൽ നിന്നും റവന്യൂ ചെലവുകൾ വഹിക്കുമ്പോൾ അവ ഐഎൽജിഎംഎസ് സോഫ്റ്റ്‌വെയറിൽ ചെലവായി രേഖപ്പെടുത്തുന്നതിൽ അക്കൗണ്ടിംഗ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നില്ലെന്ന് കാണുന്നു. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, 2011 ലെ ചട്ടം 27 ൽ ചെലവുകളുടെ അക്കൗണ്ടിംഗ് എങ്ങിനെയെന്ന് വിശദമാക്കുന്നുണ്ട്. ഇത് താഴെ കൊടുത്ത പ്രകാരമാണ്.

പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള ഏതൊരു ചെലവും വർക്ക് ഓർഡർ/സപ്ലൈ ഓർഡർ/ഇന്റന്റ് പരിശോധിച്ച ശേഷം ക്രമത്തിലാണെന്ന് ബോധ്യപ്പെട്ടാൽ ഒരു ജേണൽ വൗച്ചർ വഴി അക്രൂ ചെയ്യേണ്ടതാണ്. എന്നാൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുടെ കാര്യത്തിലും വർക്ക് ഓർഡറിന്റേയും

കരാറുകാരന്റെ ബില്ലിന്റേയും പിൻബലത്തോടെയുള്ള സാധനങ്ങളും സേവനങ്ങളും ലഭിച്ചത് സംബന്ധിച്ച ചെലവുകളുടെ കാര്യത്തിലും മാത്രമേ ഇത്തരം അക്രൂവൽ പതിവായി രേഖപ്പെടുത്തുവാൻ പാടുള്ളൂ. മറ്റ് റവന്യൂ ചെലവുകളുടെ കാര്യത്തിൽ പണം നല്കുമ്പോൾ മാത്രമേ ചെലവ് രേഖപ്പെടുത്താവൂ. (ഉദാ: കറന്റ് ചാർജ്ജ്, വാടക, ടെലഫോൺ മുതലായവ). കൊടുത്തു തീർക്കാൻ ബാക്കിയുള്ള തുകകൾ വർഷാന്ത്യത്തിൽ മാത്രമേ അക്രൂ ചെയ്യേണ്ടതുള്ളൂ.

വ്യവസ്ഥ ഇതായിരിക്കെ തനത്ഫണ്ടിൽ നിന്നുള്ള എല്ലാ റവന്യൂ ചെലവുകളും ജേണൽ വഴി അക്രൂ ചെയ്ത് ബാധ്യതയാക്കി മാറ്റി ഈ ബാധ്യത തീർക്കുന്ന തരത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. അക്രൂ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തവയൊഴികെയുള്ള റവന്യൂ ചെലവുകൾ വർഷാന്ത്യത്തിൽ നല്കാൻ ബാക്കിയാകുന്നുവെങ്കിൽ മാത്രം അക്രൂ ചെയ്താൽ മതിയെന്നിരിക്കെ നിലവിൽ അക്കൗണ്ട് ചെയ്യപ്പെടുന്നത് മേൽ ചട്ടത്തിന് വിരുദ്ധമാണെന്ന് കാണാം. എല്ലാ റവന്യൂ ചെലവുകളും മറ്റ് ക്രഡിറ്റേഴ്സിന് നല്കാനുള്ള തുക (Amount Payable To Other Creditors) എന്ന ബാധ്യത ഹെഡ്ഡിൽ രേഖപ്പെടുത്തുന്നതിനാൽ തുക ആർക്ക് എന്തിനുവേണ്ടി നല്കിയെന്ന് ഭരണസമിതിയംഗങ്ങൾ ഉൾപ്പെടെയുള്ള സ്റ്റേക്ക് ഹോൾഡർമാർക്ക് കണക്കുകളിൽ നിന്നും തിരിച്ചറിയാൻ കഴിയാതെ വരുന്നു.

മേൽ സാഹചര്യത്തിൽ ചട്ടങ്ങൾക്ക് വിരുദ്ധമായും സുതാര്യത പ്രത്യക്ഷത്തിൽ ബോധ്യപ്പെടാത്ത തരത്തിലും കണക്കുകൾ സൂക്ഷിക്കുന്നതിന് വിശദീകരണം നല്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന് നേരിട്ട് സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്താൻ കഴിയില്ലെങ്കിലും അപാകത ബന്ധപ്പെട്ട വേദികളിൽ ശ്രദ്ധയിൽപെടുത്തി പരിഹരിക്കേണ്ടതായിരുന്നു എന്ന കാര്യം കൂടി ശ്രദ്ധയിൽ പെടുത്തുന്നു.

## 1-16 ബാധ്യതയിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് തുക നൽകി

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, 2011 ലെ ചട്ടം 27 ൽ പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള ഏതൊരു ചെലവും വർക്ക് ഓർഡർ /സപ്ലൈ ഓർഡർ/ഇന്റന്റ് പരിശോധിച്ച ശേഷം ക്രമത്തിലാണെന്ന് ബോധ്യപ്പെട്ടാൽ ഒരു ജേണൽ വൗച്ചർ വഴി അക്രൂ ചെയ്യേണ്ടതാണ്. എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുടെ കാര്യത്തിലും വർക്ക് ഓർഡറിന്റേയും കരാറുകാരന്റെ ബില്ലിന്റേയും പിൻബലത്തോടെയുള്ള സാധനങ്ങളും സേവനങ്ങളും ലഭിച്ചത് സംബന്ധിച്ച ചെലവുകളുടെ കാര്യത്തിലും ഇത്തരം അക്രൂവൽ പതിവായി രേഖപ്പെടുത്തേണ്ടതാണ്. മറ്റ് റവന്യൂ ചെലവുകളുടെ കാര്യത്തിൽ പണം നല്കുമ്പോൾ മാത്രമാണ് ചെലവ് രേഖപ്പെടുത്തേണ്ടത്. എന്നാൽ ഈ ഇനങ്ങൾക്ക് വർഷാന്ത്യത്തിൽ കൊടുത്തു തീർക്കാൻ തുക ബാക്കിയുണ്ടെങ്കിൽ വർഷാന്ത്യത്തിൽ നിർബന്ധമായും അക്രൂ ചെയ്യേണ്ടതുണ്ട്.

എന്നാൽ ഈ നടപടിക്രമം പാലിക്കാതെ, വിവിധ ഇനങ്ങൾക്ക് മുൻകാലങ്ങളിലെ തുകകൾ കൊടുക്കാൻ ബാക്കിയുണ്ടെന്ന് കാണിച്ച് തുക വിനിയോഗിച്ച് അക്കൗണ്ട് ചെയ്തിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം | തുക കൊടുക്കേണ്ട കാലയളവ് | വൗച്ചർ നം/ തീയതി | തുക |
|---|---|---|---|---|
| 1 | സ്റ്റേഷനറിയ്ക്ക് ഗ്രാമലക്ഷ്മി മുദ്രാലയത്തിന് നല്കിയ തുക | 2020-21 | 22300098/ 3-05-2023 | 66972/- |
| 2 | നൊച്ചാട് ഗവ. ആയുർവേദ ഹോസ്പിറ്റലിലെ കറന്റ് ചാർജ്ജ് | 2023 ഫെബ്രുവരി ,മാർച്ച് | 22300218/ 9-06-2023 | 26476/- രൂപയിൽ 24802/-രൂപ |

| | | | | |
|---|---|---|---|---|
| 3 | വിവിധ വായനശാല കളിൽ ദിനപത്രം ചെലവ് | 9/22മുതൽ 3/23വരെയുള്ളത് | 22300280/ 3-07-2023 | 114745/- രൂപയിൽ 8925/-രൂപ |

യഥാർത്ഥത്തിലുള്ള ചെലവായിരുന്നെങ്കിൽ ബിൽ ലഭിക്കുമ്പോൾ അക്രൂ ചെയ്യേണ്ടിയിരുന്ന ഈ ഇനങ്ങളുടെ ചെലവ് വർഷാന്ത്യത്തിലും അക്രൂ ചെയ്യാത്തതിനാൽ മേൽ വർഷങ്ങളിലെ ബാലൻസ് ഷീറ്റിൽ ഇവ ബാധ്യതയായി കാണിച്ചിട്ടില്ല. ബാധ്യതാ ഹെഡ്ഡിൽ പെടാത്ത ഇനത്തിന് തുക നല്കാനുള്ള കാര്യം വർഷങ്ങൾ കഴിഞ്ഞ് തിരിച്ചറിഞ്ഞതെങ്ങിനെയെന്നും ഇതിന്റെ ആധികാരികതയും കൃത്യതയും വ്യക്തമായതെങ്ങിനെയെന്നും വ്യക്തമല്ല. ഇതുകൊണ്ടുതന്നെ ചെലവിന്റെ ആധികാരികത ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല.

കൂടാതെ, മുൻകാല ബില്ലുകൾ ലഭിച്ചത് ഓഡിറ്റ് വർഷത്തിൽ മാത്രമാണെങ്കിൽ മുൻകാല ചെലവ് (Prior Period Expense) എന്ന തരത്തിലായിരുന്നു അക്കൗണ്ട് ചെയ്യേണ്ടിയിരുന്നത്. എന്നാൽ ക്രമ നമ്പർ (1) പ്രകാരമുള്ള ചെലവ് 220210102-(Stationery Expenses) എന്ന ഹെഡ്ഡിലും ക്രമ നമ്പർ (2) മുതൽ (4) വരെയുള്ളത് 220520199 (Other Professional Fees Except Legal Expenses)എന്ന ഹെഡ്ഡിലും ഓഡിറ്റ് വർഷത്തെ ചെലവായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് ചെലവ് കണക്കുകൾക്ക് കൃത്യതയില്ലെന്നു കാണിക്കുന്നു.

അപാകതകൾക്ക് വിശദീകരണം നല്കുന്നതിനൊപ്പം ഇക്കാര്യത്തിൽ സ്ഥാപനത്തിന്റെ അഭിപ്രായം അറിയിക്കേണ്ടതുമാണ്.

## 1-17 ക്ലെയിം ചെയ്യാതെ യാത്രാബത്ത നല്കി

വൗച്ചർ നം -22300424/22-08-2023

ചെലവ് തുക-40800/-

ഓഡിറ്റ് വർഷം സ്ഥിരം ജീവനക്കാരുടെ യാത്രാബത്ത ഇനത്തിൽ മേൽ വൗച്ചർ പ്രകാരം 40800/- രൂപ വിനിയോഗിച്ചിട്ടുണ്ട്. 2022 ജനുവരി മുതൽ ഡിസംബർ വരെയുള്ള കാലയളവിലെ യാത്രാ ബത്തയാണ് നല്കിയിട്ടുള്ളത്. എന്നാൽ തുക കൈപ്പറ്റിയ ആരും തന്നെ യാത്രാ ബത്ത ക്ലെയിം ചെയ്തു കൊണ്ടുള്ള യാത്രാ ഡയറി സമർപ്പിച്ചിട്ടില്ലെന്ന് ഫയലിൽ നിന്നും വ്യക്തമാകുന്നു. ഓരോ മാസവും ഒന്നാം തീയതി മുൻ മാസത്തെ യാത്രാബത്തയുടെ ക്ലെയിമിന് അർഹത വരും എന്നിരിക്കെ യാത്രാ ഡയറി നല്കി ഇത് ക്ലെയിം ചെയ്യേണ്ടതാണ്. ഇപ്രകാരം ക്ലെയിം സമർപ്പിക്കാതെ ജീവനക്കാരുടെ യാത്രാവിവരവും അർഹതപ്പെട്ട യാത്രാബത്തയും എപ്രകാരം സ്ഥാപനത്തിന് ലഭിച്ചുവെന്ന് വ്യക്തമല്ല. ക്ലെയിം ചെയ്യാതെ ബത്ത നല്കിയതിന് വിശദീകരണം (എൻക്വയറി നം. 8/29.07.2024) ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണത്തിന്റെ അഭാവത്തിൽ 40,800/- രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-18 അങ്കണവാടികളിലെ ഗ്യാസ് കണക്ഷൻ -വാണിജ്യ കണക്ഷനുകൾ ഗാർഹിക കണക്ഷനിലേക്ക് മാറ്റാൻ നടപടി സ്വീകരിച്ചില്ല

ഗ്രാമ പഞ്ചായത്തിലെ 27 അങ്കണവാടികളിലെയും നിലവിലുള്ള ഗ്യാസ് കണക്ഷൻ വാണിജ്യാവശ്യത്തിനുള്ളതാണ്. പദ്ധതി വർഷം ഗ്യാസ് റീഫില്ലിങ്ങിനായി 1,45,251/- രൂപ ചെലവഴിച്ചിട്ടുണ്ട്. വാണിജ്യ കണക്ഷനിൽപ്പെടുന്ന സിലിണ്ടറുകൾക്ക് റീഫില്ലിംഗ് ഇനത്തിൽ ഗാർഹിക കണക്ഷനുകൾക്ക് നൽകുന്നതിനേക്കാൾ ഇരട്ടിയോളം തുക നൽകേണ്ടി വരുന്നതിനാൽ പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ് ഉണ്ടാകുന്നുണ്ട്. അപാകതയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/24/29.07.24) മറുപടി നൽകിയിട്ടില്ല. കണക്ഷൻ മാറ്റുന്നതിന് നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-19 ശുചിത്വ കിണർ - അനർഹനായ ഗുണഭോക്താവിന് സബ്സിഡി നൽകി

തുറസ്സായ കിണർ ശുചിത്വ കിണറാക്കി മാറ്റുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | വി.ഇ.ഒ |
| പ്രൊജക്ട് നം. | 97/24 |
| അടങ്കൽ | 70,000 |
| ഫണ്ട് | വികസനഫണ്ട് SCP |
| ചെലവ് | 70,000 |
| ബിൽ നം.തി | 0/24/24.03.24 |

തുറസ്സായ കിണർ ശുചിത്വ കിണറാക്കി മാറ്റുന്നതിന് നടപ്പാക്കിയ മേൽ പദ്ധതിയിൽ സബ്സിഡിയായി 8,000/- നൽകാവുന്നതാണ്. സ.ഉ.(കൈ) നം.115/2022/തസ്വഭവ. തി.28.05.22 ഖ.2-15-(2) പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ പ്രകാരം എസ്.സി വിഭാഗത്തിൽപ്പെട്ടവർക്ക് ഇതിനുള്ള വരുമാന പരിധി മൂന്ന് ലക്ഷം രൂപയാണ്. ഈ ഇനത്തിൽ ആനുകൂല്യം കൈപ്പറ്റിയ ശ്രീ.വാസു.വി അരീക്കുന്നത്ത് താമസിക്കും തെക്കയിൽ മീത്തൽ എന്ന ഗുണഭോക്താവിന് നൊച്ചാട് വില്ലേജ് ഓഫീസർ നൽകിയ വരുമാന സർട്ടിഫിക്കറ്റിൽ 3,17,116/- രൂപ വരുമാനമുള്ളതായിക്കാണുന്നു. (സർട്ടിഫിക്കറ്റ് നം.83903156/29.02.24/). ആനുകൂല്യത്തിനായി ഹാജരാക്കിയ റേഷൻ കാർഡിൽ ഗുണഭോക്താവ് സംസ്ഥാന സർക്കാർ ജീവനക്കാരനാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അധിക വരുമാനമുള്ളയാൾക്ക് സബ്സ്ഡി ആനുകൂല്യം നൽകിയത് വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/24/29.07.24) നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ 30.07.24-ന് സമർപ്പിച്ച മറുപടിയിൽ അനർഹനായ ഗുണഭോക്താവിന് നൽകിയ സബ്സിഡി തുക തിരിച്ച് പിടിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. സബ്സിഡി ഇനത്തിൽ നൽകിയ 8,000/- രൂപ ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 1-20 ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ച

ഗ്രാമപഞ്ചായത്തിലെ ചാത്തോത്ത് താഴെ സെന്റർമുക്ക് എന്ന സ്ഥലത്ത് ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ പ്രവർത്തിച്ചു വരുന്നു. 2016 ൽ തുടങ്ങിയ സ്ഥാപനത്തിന് 2020 ൽ പുതിയ കെട്ടിടം പണിഞ്ഞിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രം സബ്സെന്ററിന്റെ കോമ്പൗണ്ടിലാണ് ഇത് സ്ഥിതിചെയ്യുന്നത്. സ്ഥാപനത്തിന് സ്വന്തമായി ചുരുങ്ങിയത് 15 സെന്റ് സ്ഥലം എങ്കിലും ഉണ്ടായിരിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. ഓഡിറ്റിന്റെ ഭാഗമായി 29.07.2024ന് സ്ഥാപനം സന്ദർശിക്കുകയുണ്ടായി. സ.ഉ (എം.എസ്)148/09/തസ്വവ.തി.29.07.2009 ഉത്തരവ് പ്രകാരം ബഡ്സ് മോഡൽ സ്പെഷ്യൽ സ്കൂളുകളുടെ കെട്ടിടത്തിൽ ഒരുക്കേണ്ട സൗകര്യങ്ങളെക്കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. കെട്ടിടത്തിൽ ഓഫീസ്, സ്റ്റാഫ്, റിക്രിയേഷൻ, സ്റ്റോർ, ഭക്ഷണശാല, തൊഴിൽ പരിശീലനം, തെറാപ്പി, അടുക്കള, പകൽ പരിപാലനം എന്നിങ്ങനെ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് നിശ്ചിത അളവിലുള്ള പ്രത്യേക റൂമുകൾ സജ്ജീകരിക്കേണ്ടതാണ്. എന്നാൽ ഈ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചല്ല ഈ കെട്ടിടം പണിതിരിക്കുന്നത്. കെട്ടിടത്തിൽ പരിമിതമായ സൗകര്യമുള്ള ഒരു ഹാൾ മാത്രമാണുള്ളത്. ഉപകരണങ്ങൾ സൂക്ഷിക്കുന്നതിന് ആവശ്യമായ സൗകര്യം ഇല്ല. അടുക്കളയും, സ്റ്റോർ റൂമും മഴപെയ്താൽ നനയുന്ന അവസ്ഥയിലാണുള്ളത്. സ്ഥാപനത്തിൽ സ്പീച്ച് തെറാപ്പി, ഫിസിയോ തെറാപ്പി, കൗൺസിലിംഗ്, വൊക്കേഷനൽ ട്രെയിനിംഗ് എന്നീ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടില്ല. കുടുംബശ്രീ മിഷനിൽ നിന്നും 01.10.2018ന് സ്ഥാപനത്തിന് 12.5 ലക്ഷം രൂപ ലഭിച്ചിരുന്നു. എന്നാൽ ഇതിൽ നിന്നും 7.5 ലക്ഷം രൂപ മാത്രമേ ഇതുവരെ ചെലവഴിച്ചിട്ടുള്ളൂ. ഈ തുക മുഴുവൻ ചെലവഴിച്ച് കുടുംബശ്രീക്ക് വിനിയോഗ സാക്ഷ്യപത്രം നൽകുന്ന മുറയ്ക്ക് അടുത്ത ഗഡുവായി 12.5 ലക്ഷം രൂപ കൂടി ലഭിക്കേണ്ടതായിരുന്നു. എന്നാൽ ഇതിന് നടപടി സ്വീകരിച്ചതായി കാണുന്നില്ല. അപാകതകൾക്ക്

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/24/29.07.24) മറുപടി നൽകിയിട്ടില്ല. ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന് ആവശ്യമായ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തി അറിയിക്കേണ്ടതാണ്.

### 1-21 ഹോമിയോ മരുന്നുകൾ മുഴുവനായും ലഭിച്ചില്ല

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ആയുർവേദം)<br>(ബിൽ തുക അനുവദിച്ചത്) |
| പ്രൊജക്ട് നം. | 223/24 |
| അടങ്കൽ | 2,00,000 |
| ഫണ്ട് | M.G (Nr) |
| ചെലവ് | 2,00,000 |
| ബിൽ നം.തീയതി | 630/24/13.12.23 |

ഹോംകോയിൽ നിന്ന് മരുന്നുകൾ വാങ്ങുന്നതിന് മേൽ സൂചിപ്പിച്ച പ്രകാരം ബിൽ തുക (മെഡിക്കൽ ഓഫീസർക്ക് (ആയുർവേദം)) നൽകിയിട്ടുണ്ട്. എന്നാൽ 1,00,000/- രൂപയുടെ മരുന്നുകൾ മാത്രമേ ഇതുവരെ ലഭിച്ചിട്ടുള്ളൂ. ബാക്കി മരുന്നുകൾ ലഭ്യമാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥ നടപടി സ്വീകരിച്ചതായി കാണുന്നില്ല. മുഴുവൻ മരുന്നുകളും ലഭ്യമാക്കി അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/24/29.07.24) മറുപടി നൽകിയിട്ടില്ല. മരുന്ന് ലഭിക്കാത്തതിനാൽ 1,00,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

### 1-22 ആശ്രയ വീട് റിപ്പയർ തുക ചെലവഴിക്കാതെ സി.ഡി.എസ് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

അഗതിരഹിത കേരളം പദ്ധതിയിൽ വീട് റിപ്പയറിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | അസി.സെക്രട്ടറി |
| പ്രൊജക്ട് നം. | 75/24 |
| അടങ്കൽ | 100000 |
| ഫണ്ട് | വികസനഫണ്ട് |
| ചെലവ് | 100000 |
| ബിൽ നം.തി | 601/24/24.03.24 |

ആശ്രയ പദ്ധതി ഗുണഭോക്താവിന് വീട് റിപ്പയറിന് അനുവദിച്ച തുക മേൽ സൂചിപ്പിച്ച പ്രകാരം കുടുംബശ്രീ സി.ഡി.എസിന് കൈമാറിയിട്ടുണ്ട്. എന്നാൽ ഇത് ചെലവഴിക്കാതെ സി.ഡി.എസ് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. ഈ തുക ശ്രീമതി.ദേവി കളരിപ്പറമ്പിൽ എന്ന ഗുണഭോക്താവിന് നൽകുന്നതിന് വേണ്ടിയാണ് സി.ഡി.എസിന് കൈമാറിയത്. പ്രസ്തുത ഗുണഭോക്താവ് പഞ്ചായത്ത് അംഗീകരിച്ച അഗതി രഹിത പദ്ധതിയിൽ ഉൾപ്പെട്ടതായി കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/24/29.07.24) മറുപടി നൽകിയിട്ടില്ല. അഗതിരഹിത കേരളം പദ്ധതി അംഗീകൃത ഗുണഭോക്താവിന് തന്നെയാണോ തുക കൈമാറിയിട്ടുള്ളത് എന്ന് പരിശോധിക്കേണ്ടതും അംഗീകൃത ഗുണഭോക്താവിന്റെ വീട് റിപ്പയർ പ്രവൃത്തികൾ പൂർത്തിയാക്കി അറിയിക്കേണ്ടതുമാണ്.

### 1-23 എസ്.സി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - അധിക തുക നൽകി

എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | അസി.സെക്രട്ടറി |
| പ്രൊജക്ട് നം. | 67/24 |
| അടങ്കൽ | 500000 |
| ഫണ്ട് | വികസനഫണ്ട്(SCP) |
| ചെലവ് | 500000 |
| ബിൽ നം.തി | 536/24/24.03.24 |

എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് നടപ്പാക്കിയ പദ്ധതിയാണിത്. എന്നാൽ ആനുകൂല്യം കൈപ്പറ്റിയ ശ്രീമതി.ഷെറിൻ ബാബു D/O ബാലൻ സി.എം പഠിക്കുന്നത് എ.കെ.ജി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് സയൻസസ് കണ്ണൂർ എന്ന സ്ഥാപനത്തിൽ, ഡിപ്ലോമ ഇൻ റേഡിയോളജിക്കൽ ടെക്നോളജി (DRT) എന്ന കോഴ്സിനാണ്. സ.ഉ.(കൈ) നം.115/2022/തസ്വഭവ. തി.28.05.22 ഖ.7-2-4 പ്രകാരം ഡിപ്ലോമക്കാർക്ക് 20,000 രൂപ ധനസഹായത്തിന് മാത്രമേ അർഹതയുള്ളൂ. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥ ഗുണഭോക്താവിന് 25,000/- രൂപ അനുവദിച്ചിട്ടുണ്ട്. അധിക തുക അനുവദിച്ചതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/24/29.07.24) മറുപടി നൽകിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും പരിഹരിച്ച് രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

### 1-24 ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ അക്കൗണ്ടുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിൽ വീഴ്ച

2010 ലെ കേരള പഞ്ചായത്ത് രാജ് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി ചട്ടം 9 (1) പ്രകാരം ആശുപത്രി വികസന ഫണ്ടിന്റെ ഓഡിറ്റ് ലോക്കൽ ഫണ്ട് ഓഡിറ്റിൽ നിക്ഷിപ്തമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള നൊച്ചാട് എഫ്.എച്ച്.സി, നൊച്ചാട് ആയുർവ്വേദ ആശുപത്രി എന്നീ ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ വാർഷിക കണക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. നൊച്ചാട് എഫ്.എച്ച്.സി യുടെ 2018-19 മുതലുള്ള കണക്കുകളും, നൊച്ചാട് ആയുർവ്വേദ ആശുപത്രിയുടെ 2015-16 മുതലുള്ള കണക്കുകളുമാണ് ഓഡിറ്റിന് ഹാജരാക്കാനുള്ളത്. വാർഷിക കണക്കുകൾ ഹാജരാക്കുന്നതിലെ വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/24/29.07.24) മറുപടി നൽകിയിട്ടില്ല. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

### 1-25 സിമന്റിന് മാർക്കറ്റ് നിരക്കിൽ അധികരിച്ച നിരക്കിൽ കരാർ നൽകി.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് ആവശ്യമായ മെറ്റീരിയലുകൾ സമാഹരിക്കുന്നതിനായി ടെണ്ടർ നടപടി സ്വീകരിക്കുകയും സിമന്റ് ഒഴികെയുള്ള മെറ്റീരിയലുകൾക്ക് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ എം.എം. ബാലകൃഷ്ണൻ എന്ന പി.ഡബ്ലിയു.ഡി കരാറുകാരന് ടെണ്ടർ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. എം.എം. ബാലകൃഷ്ണൻ എന്നവർ ക്വാട്ട് ചെയ്ത ടണ്ണിന് 10815.77 രൂപയേക്കാൾ കുറഞ്ഞ നിരക്കായ 10000 രൂപ രേഖപ്പെടുത്തിയ ഡോൺ ബ്രിഡ്ജ് എന്ന സ്ഥാപനത്തിൽ നിന്നും സിമന്റ് വാങ്ങാതെ എം.എം. ബാലകൃഷ്ണൻ എന്നവരിൽ നിന്നുമാണ് സിമന്റ് വാങ്ങിയിട്ടുള്ളത്. ബാഗിന് 540 രൂപ നിരക്കിലാണ് എം.എം. ബാലകൃഷ്ണൻ എന്നവരുമായി കരാറിലേർപ്പെട്ടിട്ടുള്ളത്.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 17.08.2022 ലെ കത്ത് , 08.07.2022 ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആലപ്പുഴ ജില്ലാ

ഓംബുഡ്സ്മാന്റെ നടപടി ക്രമം എന്നിവ പ്രകാരം സെക്യൂർ സോഫ്റ്റ്‌വെയറിലെ സിമന്റിന്റെ നിരക്ക് LMR നിരക്കിനേക്കാൾ കൂടുതലായതിനാലും എം.ആർ.പി രേഖപ്പെടുത്തിയ പാക്ക് ചെയ്ത ഉത്പന്നമായതിനാൽ എം.ആർ.പി യിൽ അധികരിച്ച തുക കരാറുകാർക്ക് അനുവദിക്കരുതെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ, സിമന്റിന്റെ പരമാവധി മാർക്കറ്റ് നിരക്ക് 430 രൂപയാണെന്നും മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 17.08.2022 ലെ കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. 01.01.2024 മുതൽ 31.03.2024 വരെയുള്ള കാലയളവിൽ കോഴിക്കോട് ജില്ലയിലെ സിമന്റിന്റെ ലോക്കൽ മാർക്കറ്റ് നിരക്ക് ടണ്ണിന് 9307 രൂപയാണ്. അതായത് ബാഗിന് 465 രൂപ മാത്രം. മേൽ സാഹചര്യത്തിലാണ് 50 കിലോ ബാഗിന് 540 രൂപ നിരക്കിൽ തുക അനുവദിക്കുന്നതിന് കരാറുകാരൻ ബില്ല് സമർപ്പിച്ചിട്ടുള്ളത്.

പുതിയോട്ടുകണ്ടി പാലം വാല്യക്കോട് പാലം റോഡ് കോൺക്രീറ്റ് എന്ന പ്രവർത്തി 17.11.2023 തീയതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ കരാറുകാരന് തുക അനുവദിച്ചിട്ടില്ല. 50 കിലോ ബാഗിന് 540 രൂപ നിരക്കിൽ തുക അനുവദിക്കുന്നതിനാണ് കരാറുകാരൻ ബിൽ സമർപ്പിച്ചിട്ടുള്ളത്. ബില്ലുകളിൽ വിതരണം ചെയ്ത സിമന്റിന്റെ ബ്രാൻഡ്, ഗ്രേഡ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കരാർ ചമക്കുന്ന കാലയളവിൽ സൂചന ഉത്തരവുകളിലെയും സർക്കുലറിലെയും നിർദ്ദേശങ്ങൾ പ്രസക്തമായിരിക്കെ സിമന്റിന്റെ വില മാർക്കറ്റ് നിരക്കിൽ പരിമിതപ്പെടുത്തുന്നതിലുണ്ടായ വീഴ്ചക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.3/26-07-2024) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക കരാറുകാരന് ലഭ്യമാക്കുന്ന നടപടി പൂർത്തിയാകാത്ത സാഹചര്യത്തിൽ ലോക്കൽ മാർക്കറ്റ് നിരക്കിൽ തുക പരിമിതപ്പെടുത്തി നൽകുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-26 കരാർ ചമച്ചതിൽ അപാകത

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് ആവശ്യമായ മെറ്റീരിയലുകൾ സമാഹരിക്കുന്നതിനായി ടെണ്ടർ നടപടി സ്വീകരിക്കുകയും എം.എം. ബാലകൃഷ്ണൻ എന്ന പി.ഡബ്ലിയു.ഡി കരാറുകാരന് 1,25,32,360 രൂപ മൂല്യമുള്ള കരാർ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. 08.09.2023 തിയ്യതിയിൽ 200 രൂപയുടെ മുദ്രപത്രത്തിൽ എം.എം. ബാലകൃഷ്ണൻ എന്നവരുമായി സെക്രട്ടറി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. കരാർ തുകയുടെ 0.1 % ത്തിന് തുല്യമായ 12,532 രൂപക്ക് മുദ്രപത്രത്തിൽ കരാറിലേർപ്പെടാതെ 200 രൂപയുടെ മുദ്രപത്രത്തിൽ കരാർ ചമച്ചതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 4/26.07.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മുദ്ര പത്ര വിലയിനത്തിൽ സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് 12,332 രൂപ മൂല്യമുള്ള മുദ്രപത്രം കരാറുകാരന്റെ ചിലവിൽ വാങ്ങി റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

### 1-27 തുല്യതാ പഠന ഫീസ്- തുക അധികം നൽകി

ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ തുല്യതാ പഠിതാക്കൾക്ക് ഫീസ് നൽകൽ (പ്രൊ.നം- 125/2024), എന്ന പദ്ധതി പ്രകാരം 01.03.2024 തിയ്യതിയിൽ 32,200 രൂപ ജില്ലാ സാക്ഷരതാ മിഷൻ പ്രൊജക്റ്റ് കോർഡിനേറ്റർക്ക് കൈമാറിയിട്ടുണ്ട്. 14.03.2024 തിയ്യതിയിലെ DLM KOZ/PROJECT HS/55/24 നമ്പറായുള്ള ജില്ലാ സാക്ഷരതാ മിഷൻ പ്രൊജക്റ്റ് കോർഡിനേറ്ററുടെ കത്തിൽ ആകെ 29,900 രൂപ മാത്രമെ ഡിമാന്റ് ചെയ്തിട്ടുള്ളൂ. 2,300 രൂപ അധികം നൽകിയതിന്റെ കാരണം വിശദീകരിക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.24/30.07.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതും അധികം നൽകിയ തുക തിരികെ ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-28 എസ്റ്റിമേറ്റിൽ വിഭാവനം ചെയ്യാത്ത പ്രവൃത്തി നിർവ്വഹിച്ചു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കോളനികളിലെ സാംസ്കാരിക നിലയങ്ങളുടെ നവീകരണം എന്ന പദ്ധതി പ്രകാരം കീഴൽ ലക്ഷം വീട് കോളനി കെട്ടിടത്തിന്റെ ഒന്നാം നിലയിൽ അരമതിൽ കെട്ടി സ്റ്റീൽ വർക് ചെയ്ത് റൂഫിംഗും അരമതിലിന് മുകളിൽ സ്റ്റീൽ ഫ്രെയിം ചെയ്ത് അതിനുള്ളിലായി ജി.ഐ മെഷ് ചെയ്യുന്നതിനുമുള്ള ഇനങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥല പരിശോധനയിൽ അരമതിലിന് മുകളിലായി അലൂമിനിയം ഫ്രെയിമിൽ സ്ലൈഡിംഗ് ഗ്ലാസ്സ് വിൻഡോകൾ സ്ഥാപിച്ച് അതിന് മുകളിലായി ഏകദേശം ഒന്നരയിഞ്ച് വ്യത്യാസത്തിൽ പത്ത് നിരകളിലായി വെന്റിലേറ്റർ എന്ന നിലയിൽ മുകൾ നിലയുടെ നാല് ഭാഗത്തും 40x20 സ്ക്വയർ പൈപ്പുകൾ സ്ഥാപിക്കുകയും അതിന് പിറകിലായി ജി.ഐ മെഷ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

ചിത്രം ചുവടെ ചേർക്കുന്നു.



മുകൾ നിലയുടെ നാല് ഭാഗത്തും 40x20 സ്ക്വയർ പൈപ്പുകൾ സ്ഥാപിക്കുകയും അതിന് പിറകിലായി ജി.ഐ മെഷ് സ്ഥാപിക്കുകയും ചെയ്ത പ്രവൃത്തിയുടെ അനിവാര്യത വ്യക്തമല്ല. പൈപ്പുകൾ സ്ഥാപിച്ചതിന്റെ ഇടയിലുള്ള വിടവിന്റെ അതേ അളവാണ് മെഷിന്റെ കണ്ണികൾ എന്നതും ഇവിടെ പ്രസക്തമാണ്. പ്രസ്തുത നിർമ്മിതിയുടെ അനിവാര്യത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കുകയും ചെയ്തിട്ടില്ല. 10.16.1 പ്രകാരമുള്ള പ്രവൃത്തികളുടെ അളവ്, ഉപയോഗിക്കേണ്ട പൈപ്പുകളുടെ വിശദാംശം എന്നിവ കൃത്യമായി രേഖപ്പെടുത്താതെയാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരം ജനലുകൾക്കായി 217.35 കിലോഗ്രാമും, വെന്റിലേറ്ററിനായി 5.25 കിലോഗ്രാമും സ്റ്റീൽ വർക്കാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ഇതേ എസ്റ്റിമേറ്റിൽ അലൂമിനിയം ജനലുകളും വിഭാവനം ചെയ്തിട്ടുണ്ട്. സ്ഥല പരിശോധനയിൽ അലൂമിനിയം ജനലുകളാണ് സ്ഥാപിച്ചിട്ടുള്ളതെന്നും ജനലുകൾ ജി.ഐ പൈപ്പുകളായും അലൂമിനിയം ജനലുകളായും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് മൂലം ഇരട്ടിപ്പുണ്ടായി എന്നതും വ്യക്തമായിട്ടുണ്ട്. ഉപയോഗിക്കേണ്ട പൈപ്പുകളുടെ അളവ് എസ്റ്റിമേറ്റിൽ വ്യക്തമാക്കുകയോ നിർമ്മാണത്തിന്റെ രൂപ രേഖ തയ്യാറാക്കുകയോ ചെയ്തിട്ടുമില്ല . ഇക്കാരണത്താൽ എസ്റ്റിമേറ്റുകളിൽ സാമ്പത്തിക നിയന്ത്രണം ഉറപ്പ് വരുത്തുന്നതിന് സ്ഥാപനത്തിന് സാധിക്കാത്ത സ്ഥിതി വിശേഷം ഉണ്ടാകുന്നു.

DAR ലെ റോഡ് വർക് എന്ന അദ്ധ്യായത്തിലെ 16.70.2 പ്രകാരമുള്ള ഇനമാണ് സ്ക്വയർ പൈപ്പുകൾ സ്ഥാപിച്ചതിന് പിറകിലായി മെഷ് സ്ഥാപിക്കുന്നതിനായി ആസൂത്രണം ചെയ്തിട്ടുള്ളത്.

പ്രസ്തുത ഇനത്തിൽ മെറ്റീരിയലായി Chain Link Fabric Fencing Mesh Of Size 50x50 Mm Made Of G.I. Wire Of Dia 4 Mm. PVC Coated To Outer Dia 5 Mm (M 8696) , Sundries ആയി Nuts And Bolts And Washers എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ സ്ഥല പരിശോധനയിൽ പ്രവൃത്തിക്കായി ഉപയോഗപ്പെടുത്തിയിട്ടുള്ള ജി.ഐ മെഷ് പി.വി.സി കോട്ടിംഗ് ഇല്ലാത്തതാണെന്നും Nuts And Bolts And Washers ഉപയോഗിച്ചിട്ടില്ലെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. ഏകദേശം ഒന്നരയിഞ്ച് വ്യത്യാസത്തിലാണ് 40x20 സ്ക്വയർ പൈപ്പുകൾ സ്ഥാപിച്ചിട്ടുള്ളത്. മേൽ സാഹചര്യത്തിൽ പൈപ്പുകൾക്ക് പിറകിലായി മെഷ് സ്ഥാപിച്ചതിന്റെ സാംഗത്യം വ്യക്തമല്ല. എസ്റ്റിമേറ്റിൽ ആവശ്യമായതിലും അധിക അളവിൽ 10.16.1 പ്രകാരം സ്റ്റീൽ വർക് ഉൾപ്പെടുത്തുകയും പ്രസ്തുത അളവിൽ തന്നെ പ്രവൃത്തി നിർവ്വഹിക്കുന്നതിന് കരാറുകാരന് സഹായകമാവുന്ന സമീപനമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ചിട്ടുള്ളത്. G.I Wire Mesh ന്റെ അനിവാര്യത വ്യക്തമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം28/30.7.2024) സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

സമാനമായ അപാകത എം.സി.എഫ് നവീകരണം എന്ന പ്രവൃത്തിയിലും സംഭവിച്ചതായി പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. 10.16.1 പ്രകാരം റൂഫിന് വേണ്ടിയായിരുന്നു സ്റ്റീൽ വർക് വിഭാവനം ചെയ്തിട്ടുള്ളത്. എം ബുക്കിൽ 713.99 കിലോ ഗ്രാം അളവിൽ പ്രസ്തുത പ്രവൃത്തി നിർവ്വഹിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന് പുറമെ എം ബുക്കിൽ 620.935 കിലോഗ്രാം 10.16.1 പ്രകാരം നിർവ്വഹിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. സ്ഥല പരിശോധനയിൽ മെഷ് ചെയ്തതിനും അരമതിലിനും ഇടയിലായി സ്ക്വയർ പൈപ്പുകൾ ഉപയോഗപ്പെടുത്തി നിർമ്മാണം നടത്തിയതായി കാണുന്നു. പ്രസ്തുത നിർമ്മിതിക്ക് ശേഷം തുറന്ന് കിടക്കുന്ന നിലയിലാണുള്ളത്. ചിത്രം ചുവടെ ചേർക്കുന്നു.





അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സാമ്പത്തിക മിതത്വം പാലിക്കാതെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്ന രീതി വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പരിശോധിച്ച് പരിഹരിക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-29 ആസൂത്രണത്തിലെ അപാകത മൂലം നിർവ്വഹിച്ച പ്രവൃത്തി പൊളിച്ചുമാറ്റി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ 'പകൽവീടുകളുടെ

സംരക്ഷണം- അറ്റകുറ്റ പണി' എന്ന പദ്ധതി പ്രകാരം കൽപത്തൂർ പകൽവീടിന് റാംപ്, കൈവരി, ഗേറ്റ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. സ്ഥല പരിശോധനയിൽ സൈറ്റിൽ നിർമ്മിച്ച ഗേറ്റ് പൊളിച്ച് കെട്ടിടത്തിനുള്ളിൽ സൂക്ഷിച്ച നിലയിലാണുള്ളത്. 2023-24 ലെ 104/24 കൽപത്തൂർ പകൽവീട് മാതൃകാ പകൽവീടാക്കൽ എന്ന പദ്ധതി പ്രകാരം ഡോറും ഗ്രില്ലും സ്ഥാപിച്ചിട്ടുണ്ട്. 104/24 പ്രകാരം ഡോർ സ്ഥാപിക്കുക എന്ന ഉദ്ദേശത്തോട് കൂടിയാണ് പദ്ധതി പ്രകാരം നിർമ്മിച്ച ചെറിയ ഗേറ്റ് പൊളിച്ചുമാറ്റിയിട്ടുള്ളത്. എം ബുക്ക് പ്രകാരം പൊളിച്ച് മാറ്റിയ ഗേറ്റിന്റെ ഭാരം 27.62 കിലോഗ്രാമാണ്. സമഗ്രമായ ആസൂത്രണത്തിന്റെ അഭാവം കാരണമാണ് ആസ്തി പൊളിച്ച് മാറ്റേണ്ടി വന്നത്. പ്രസ്തുത പ്രവൃത്തിക്ക് വിനിയോഗിച്ച പണം പാഴാകുകയും ചെയ്തു. ( ജി.എസ്.ടി ഉൾപ്പെടെ - 4888 രൂപ ) . ചിത്രം ചുവടെ ചേർക്കുന്നു.



അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.29/30.7.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി ഭാഗികമായി ആസൂത്രണം ചെയ്തതും ഡോറും ഗ്രില്ലും സ്ഥാപിക്കേണ്ട ഇടത്ത് ഉയരം കുറഞ്ഞ ഗേറ്റ് നിർമ്മിച്ചതും ആസൂത്രണത്തിലെ അപാകതയാണ്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും പൊളിച്ച് മാറ്റിയ ആസ്തിയുടെ മൂല്യമായ 4888 രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-30 ആസ്തി അതിരുകൾ ഉറപ്പാക്കാതെ പ്രവൃത്തി നിർവ്വഹിച്ചു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ 'സുജലം തോടുകളുടെ നവീകരണം' എന്ന പദ്ധതി പ്രകാരം വാല്യകോട് തോടിന്റെ സംരക്ഷണ പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്. ആസ്തിയുടെ വിശദാംശങ്ങൾ ഉറപ്പാക്കാതെയാണ് പ്രവൃത്തി ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുള്ളത്. ഫീൽഡ് മെഷർമെന്റ് ബുക്ക് ഉൾപ്പെടെയുള്ള രേഖകൾ ലഭ്യമാക്കി ആസ്തിയുടെ വീതി ഉറപ്പാക്കി സംരക്ഷിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്.

ആസ്തി സംരക്ഷണ-ജല സംരക്ഷണ ലക്ഷ്യങ്ങൾ മുൻ നിർത്തി ആസൂത്രണം ചെയ്ത പദ്ധതിയിൽ ആസ്തിയുടെ അതിരുകൾ തിട്ടപ്പെടുത്തി കയ്യേറ്റം ഒഴിവാക്കുക എന്ന പ്രാഥമിക ലക്ഷ്യത്തിന് പ്രാധാന്യം നൽകിയില്ല. തോടുകളുടെ സംരക്ഷണ പ്രവൃത്തികൾ ആസൂത്രണം ചെയ്യുമ്പോൾ FMB പ്രകാരമോ, ആസ്തി രജിസ്റ്റർ പ്രകാരമോ ഉള്ള യഥാർത്ഥ വീതി വീണ്ടെടുക്കുന്നതിന് പകരം ഒരു നിശ്ചിത വീതി കണക്കാക്കി ആയതിനനുസൃതമായി എസ്റ്റിമേറ്റ് തയ്യാറാക്കുന്ന രീതിയാണ് സ്ഥാപനത്തിൽ നിലനിൽക്കുന്നത്.
ആസ്തികളുടെ അതിരുകൾ തിട്ടപ്പെടുത്തി എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്.

ആസൂത്രണത്തിലെ അപാകത മൂലം വിഭാവനം ചെയ്ത ആസ്തിയുടെ സംരക്ഷണം പൂർണ്ണമായ അർത്ഥത്തിൽ സാധ്യമായില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.30/30.07.2024) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് സെക്രട്ടറി, വില്ലേജ് ഓഫീസർ എന്നിവരിൽ നിന്നും ആസ്തിയുടെ അളവ് സംബന്ധിച്ച രേഖകൾ ലഭ്യമാക്കേണ്ടതും രേഖകൾ പ്രകാരമുള്ള അളവിന് അനുസൃതമായി സംരക്ഷണ പ്രവൃത്തികൾ ആസൂത്രണം ചെയ്യേണ്ടതുമാണ്. വാല്യകോട് തോടിന്റെ അളവ് സംബന്ധിച്ച രേഖകൾ ലഭ്യമാക്കി പരിശോധിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-31 മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയില്ല.

സ.ഉ. (കൈ) നം.84/തസ്വഭവ തീയതി. 19.04.2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതുഫണ്ടും ഉപയോഗപ്പെടുത്തി റോഡ്-റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിൽ നാളിതുവരെ പ്രത്യേക ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല. റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കേണ്ടതുണ്ട് എന്നും നിഷ്കർഷിക്കുന്നുണ്ട്. ഇതിനായി പഞ്ചായത്തിലെ ആസ്തികളുടെ സംരക്ഷണത്തിന് മതിയായ പ്രാധാന്യം നൽകി പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതുണ്ട്. മെയിന്റനൻസ് ഫണ്ട് വിനിയോഗം സംബന്ധിച്ച ത.സ്വ.ഭ. വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെയും സർക്കുലറുകളിലെയും നിബന്ധനകൾ പാലിച്ചു കൊണ്ടായിരിക്കണം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടത്.

പഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനുവേണ്ട നടപടികൾ സ്വീകരിച്ചതായോ പഞ്ചായത്തിന്റെ വിവിധ മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ഒരു സമീപന രേഖയുടെ അഭാവത്തിലാണ് ഗ്രാമപഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചതെന്ന് കാണുന്നു.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.31/30.07.2024) സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. മെയിന്റനൻസ് പ്ലാൻ തയ്യാറാക്കേണ്ടതും ആയതിനനുസൃതമായി ആസ്തി സംരക്ഷണ പദ്ധതികൾ തയ്യാറാക്കേണ്ടതുമാണ്.

## 1-32 മെയിന്റനൻസ് ഗ്രാന്റ് വക മാറ്റി ചെലവഴിച്ചു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ചാലിക്കണ്ടി താഴ രാമല്ലൂർ സ്കൂൾ റോഡ് എന്ന പദ്ധതിയുടെ എസ്റ്റിമേറ്റിൽ കോംപാക്ടിംഗ്, ജി.എസ്.ബി, കോൺക്രീറ്റിംഗ് ഇനങ്ങൾ ഉൾപ്പെടുത്തി പുതിയ റോഡ് നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയാണ് ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ പദ്ധതിക്കായി വകയിരുത്തിയത് മെയിന്റനൻസ് ഗ്രാന്റാണ്.

പൊതു ആവശ്യ ഗ്രാന്റിന്റെയും മെയിന്റനൻസ് ഗ്രാന്റിന്റെയും വിനിയോഗം സംബന്ധിച്ച 9.12.2004 ലെ ജി.ഒ(എം.എസ്) 330/2004/LSGD നമ്പർ പ്രകാരമുള്ള മാർഗ്ഗരേഖയിലും, ഇതിനെ തുടർന്ന് പുറപ്പെടുവിച്ച ഉത്തരവുകളിലും സർക്കുലറുകളിലും മേൽ ഫണ്ടുകൾ എപ്രകാരം വിനിയോഗിക്കണമെന്ന് വിശദമാക്കിയിട്ടുണ്ട്. റോഡുകളുടെ അറ്റകുറ്റപ്പണിക്ക് മാത്രമാണ് മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഹിതം ഉപയോഗിക്കാൻ കഴിയുക എന്ന് മാർഗ്ഗരേഖ വ്യക്തമാക്കുന്നു. റോഡുകളുടെ അറ്റകുറ്റപ്പണിക്ക് മാത്രമാണ് വിഹിതം വിനിയോഗിക്കേണ്ടതെങ്കിലും, റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയതിനു ശേഷവും

റോഡ് മെയിന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്. ഇതുപോലും നിർവ്വഹിക്കാൻ കഴിയുന്നത് ഇതിനായി റോഡുകളിൽ അറ്റകുറ്റപ്പണികൾ ആവശ്യമല്ലെന്ന് ഭരണസമിതി ഏകകണ്ഠമായ തീരുമാനം എടുത്താൽ മാത്രമാണ്(സർക്കുലർ നം. 68228/എഫ്.എം1/ 2012/തസ്വഭവ തീ. 28.11.2012).

പുതിയ റോഡ് നിർമ്മാണ പ്രവൃത്തിക്ക് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.32/30.07.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായിട്ടാണ് തുക ചെലവഴിച്ചിരിക്കുന്നത്. ഇത് പ്രസ്തുത ഫണ്ട് വകമാറ്റി ചെലവഴിച്ചതിന് തുല്യമാണ്.

മേൽ സാഹചര്യത്തിൽ 4,83,883 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. ചെലവ് തുക തനത് ഫണ്ടിൽ നിന്നും കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-33 കുടിവെള്ള വിതരണം- നടപടി ക്രമങ്ങളിൽ വീഴ്ച.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2023-24 വർഷത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ 'കുടിവെള്ള വിതരണം' (പ്രോജക്ട് നം. 232/24) എന്ന പദ്ധതി പ്രകാരം മൂന്ന് വാർഡുകളിൽ വരൾച്ചാബാധിത പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് 10,45,108 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ആസൂത്രണ-നിർവ്വഹണ- മോണിറ്ററിംഗ് ഘട്ടങ്ങളിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊ.നം, പേര് | 232/2024, കുടിവെള്ള വിതരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അനീഷ് അരവിന്ദ്, സെക്രട്ടറി |
| അടങ്കൽ തുക | 1275108 (തനത് ഫണ്ട്) |
| ചെലവഴിച്ച തുക | 1045108 |
| ചെലവ് ബിൽ/ ചെക്ക് നം. വിശദാംശങ്ങൾ | വൗച്ചർ നം. 42300497/08.09.2023<br>42300478/23.09.2023<br>42300982/12.03.2024 |
| തുക കൈപ്പറ്റിയത് | യൂസഫ്.ഇ.ടി. |

1. കുടിവെള്ള വിതരണത്തിന്റെ തുക അനുവദിച്ചിട്ടുള്ളത് ജി.പി.എസ് ലോഗിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ ജി.പി.എസ് ലോഗിന്റെ കൃത്യത ഉറപ്പാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

KL 77 B 9971 നമ്പർ വാഹനത്തിന്റെ 02.05.2024 ലെ ട്രിപ് ഷീറ്റ് പ്രകാരം രാവിലെ 7.30 മുതൽ രാത്രി 9.30 വരെയുള്ള സമയത്താണ് കുടിവെള്ളം വിതരണം ചെയ്തിട്ടുള്ളത് (ട്രിപ് ഷീറ്റ് പ്രകാരമുള്ള കിലോമീറ്റർ 85). എന്നാൽ ജി.പി.എസ് ലോഗ് പ്രകാരം 12.01 AM മുതൽ 12.00 PM വരെയുള്ള സമയത്തെ ദൂരമായ 78.45 കിലോമീറ്ററിനനുസൃതമായാണ് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ ലോഗ് പരിശോധിച്ചതിൽ 78.45 കിലോമീറ്ററിൽ 5.21 കിലോമീറ്റർ ദൂരം 7.30 AM ന് മുൻപുള്ള സമയത്തായിരുന്നു റെക്കോർഡ് ചെയ്തിരുന്നത്.

2. ഫയലിലെ കുറിപ്പിൽ നിന്നും ജി.പി.എസ് ലോഗും ട്രിപ് ഷീറ്റും തമ്മിൽ അന്തരമുണ്ടെന്നും ട്രിപ് ഷീറ്റിൽ ജി.പി.എസ് ലോഗിൽ അധികരിച്ചുള്ള കിലോമീറ്റർ ജി.പി.എസ് ഓഫായതിനാൽ ലോഗിൽ മുഴുവൻ കിലോമീറ്ററും ഉൾപ്പെടാത്തതിനാലാണെന്നും ട്രിപ് ഷീറ്റ് പ്രകാരമുള്ള അധിക തുക പിന്നീട് അനുവദിക്കുന്നത് അനുഭാവപൂർവ്വം പരിഗണിക്കുമെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ജി.പി.എസ് ലോഗ് പരിശോധിച്ചതിൽ നിന്നും ജി.പി.എസ് ഓഫായ സമയത്തുള്ള കിലോമീറ്റർ റീഡിംഗും ജി.പി.എസ് ലോഗിൻ ഉൾപ്പെട്ടതായി ബോധ്യപ്പെട്ടിട്ടുണ്ട്.

3. കുടിവെള്ള വിതരണത്തിന്റെ തുക കരാറുകാരന് അനുവദിച്ചപ്പോൾ ഇൻകം ടാക്സ് ഈടാക്കിയെങ്കിലും

ജി.എസ്.ടി. ഇനത്തിൽ ടി.ഡി.എസ് ഈടാക്കിയില്ല. വൻതുകയ്ക്കുള്ള സേവനം കരാറുകാരൻ ലഭ്യമാക്കിയ സാഹചര്യത്തിലും കരാറുകാരന് ജി.എസ്.ടി. രജിസ്ട്രേഷൻ ഉണ്ടായിരുന്നോയെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പു വരുത്തിയതായി കാണുന്നില്ല. സേവനദാതാവിൽ നിന്നും ജി.എസ്.ടി. ഇനത്തിൽ തുക ഈടാക്കാതിരുന്നത് വിശദീകരിക്കേണ്ടതും, കരാറുകാരന്റെ ജി.എസ്.ടി. രജിസ്ട്രേഷൻ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

4. 23.12.2017 ലെ (സാധാ) 787/2017/ത.സ്വ.ഭ.വ. നം. ഉത്തരവ് പ്രകാരം ജലവിതരണം നടത്തുന്നതിന് കിലോമീറ്റർ അടിസ്ഥാനത്തിൽ റേറ്റ് നിർണ്ണയിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടെണ്ടർ അനുവദിച്ച് നൽകിയ ശ്രീ. യൂസഫ്.ഇ.ടി. എന്ന ആൾ 5000 ലിറ്ററിന് 145 രൂപ നിരക്കിലാണ് നിരക്ക് ക്വാട്ട് ചെയ്തിട്ടുള്ളത്. ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യേണ്ട വെള്ളത്തിന്റെ അളവ് നിശ്ചയിച്ച് നൽകിയിട്ടില്ല.

5. 2006 ലെ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം വകുപ്പ് 3 (ജെ) പ്രകാരം കുടിവെള്ളം ആഹാരത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നതാണ്. ടാങ്കർ ലോറികളിലും മറ്റ് വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും കുടിവള്ളം വിതരണം ചെയ്യുന്നവർ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റഗുലേഷൻ നിയമം 2011 പ്രകാരം എഫ്.ബി.ഒ. (FBO- Food Business Operator) ലൈസൻസ് എടുക്കണം. ഇത്തരം ലൈസൻസുള്ള ടാങ്കർ ലോറികളിൽ/ടാങ്കുകളിൽ മാത്രമേ സംസ്ഥാനത്ത് കുടിവള്ളം വിതരണം /വിൽപ്പന നടത്താൻ പാട്ടുള്ളൂ. കുടിവള്ള വിതരണത്തിനായി ഏതെങ്കിലും വ്യക്തി ഒന്നിൽ കൂടുതൽ വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ ഈ വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പറുകളെ ലൈസൻസിൽ രേഖപ്പെടുത്തി പ്രത്യേകം ലൈസൻസ് എടുത്തിരിക്കണം. കുടിവള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും എഫ്.ബി.ഒ. ലൈസൻസ് നമ്പർ രേഖപ്പെടുത്തണം.

കുടിവള്ളം വിതരണം നടത്തിയ വാഹനങ്ങൾക്ക് എഫ്.ബി.ഒ. ലൈസൻസ് എടുത്തതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കരാറുകാരൻ കുടിവെള്ള വിതരണം നടത്തുന്നതിനായി രണ്ട് വാഹനങ്ങൾ ഉപേയാഗിച്ചിട്ടുണ്ട്. ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം പ്രകാരം കുടിവള്ളം ശേഖരിക്കുന്ന ടാങ്കറുകളുടെ ഉൾവശം ബിറ്റുമിനാസ്റ്റിക്ക് കോട്ടിങ്ങോ മറ്റ് അനുവദനീയ കോട്ടിങ്ങോ ഉള്ളവയായിരിക്കണം. ആയത് സംബന്ധിച്ച പരിശാധന റിപ്പോർട്ടുകൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.21/30.07.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും അപാകത തുടർ വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-34 വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ‘എ.ബി.സി പദ്ധതിക്ക് തുക കൈമാറൽ ’, ‘ഗ്രാമപഞ്ചായത്തിലേക്ക് പ്രൊജക്ടർ-പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം വാങ്ങൽ’ എന്നീ പദ്ധതികൾ പ്രകാരം യഥാക്രമം ഒരു ലക്ഷം രൂപ ജില്ലാപഞ്ചായത്തിനും 7,29,202 രൂപ പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് ഉപവിഭാഗം കോഴിക്കോട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും കൈമാറിയിട്ടുണ്ട്. കൈമാറിയ തുകയുടെ വിനിയോഗ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ രേഖകൾ ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.22/30.07.2024) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. ബിൽ വിശദാംശം – 1. എ.ബി.സി. പദ്ധതി 419/24.03.2024-വികസനഫണ്ട് ജനറൽ, 2.പ്രൊജക്ടർ പബ്ലിക് അഡ്രസ്സ് സിസ്റ്റം വാങ്ങൽ വൗച്ചർ .42301038 തീ.25.03.2024.

മോണിറ്ററിംഗ് ചുമതലയുള്ള വർക്കിംഗ് ഗ്രൂപ്പ്, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ കൈമാറിയ തുകയുടെ വിനിയോഗം ഉറപ്പ് വരുത്തുന്നതിലും നിരീക്ഷിക്കുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്. 8,29,202 രൂപയുടെ വിനിയോഗ വിവരം ലഭ്യമാക്കി പരിശോധിക്കേണ്ടതും പ്രസ്തുത വിവരം ഓഡിറ്റിനെ

അറിയിക്കേണ്ടതുമാണ്.

1-35 ജെം പോർട്ടലിൽ നിന്നുള്ള വാങ്ങലുകൾ- വിശദാംശം ലഭ്യമാക്കിയില്ല.

ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വാളൂർ ജി.യു.പി സ്കൂളിന് മൈക്ക് സെറ്റ് വാങ്ങൽ (പ്രൊ.നം- 59/2024), ഗവൺമെന്റ് എൽ.പി യു.പി സ്കൂളുകളിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ എന്നീ പദ്ധതികൾ പ്രകാരം Gem ൽ നിന്നും ലാപ്ടോപ്, മൈക്ക് സെറ്റ് എന്നിവ വാങ്ങിയിട്ടുണ്ട്. ബിസയർ പവർ സൊല്യൂഷൻസ് എന്ന സ്ഥാപനത്തിൽ നിന്നാണ് സാധനങ്ങൾ വാങ്ങിച്ചിട്ടുള്ളത്. വാങ്ങൽ നടപടിയിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. Gem ൽ നൽകിയ കമ്പ്യൂട്ടറിന്റെ സ്പെസിഫിക്കേഷനിൽ Core I3 11th Generation Processor, Windows 11 എന്നിവ ഉൾപ്പെടുത്തിയതായി കാണുന്നു. കേരളത്തിന് പുറത്തുള്ള സ്ഥാപനങ്ങൾ പങ്കെടുക്കേണ്ടതില്ലെന്നും കോഴിക്കോടും സമീപ ജില്ലകളിലുമുള്ള സ്ഥാപനങ്ങൾ മാത്രം പങ്കെടുത്താൽ മതിയെന്നും വ്യവസ്ഥ ചെയ്ത് പരിമിതപ്പെടുത്തിയതിന്റെയും പ്രൊസസ്സർ സ്പെസിഫിക്കേഷൻ ഡീറ്റെയിൽഡ് ആയി നൽകിയതിന്റെയും കാരണം വ്യക്തമാക്കുകയോ സ്പെസിഫിക്കേഷന് ആധാരമാക്കിയ രേഖയുടെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

2. സ്കൂളുകളിൽ സ്വതന്ത്ര സോഫ്റ്റ്വെയർ പ്ലാറ്റ്ഫോമായ ലിനക്സിൽ വർക് ചെയ്യുന്ന സാഹചര്യത്തിലും വിൻഡോസ് 11 ഓപ്പറേറ്റിംഗ് സിസ്റ്റം സ്പെസിഫിക്കേഷനിൽ ഉൾപ്പെടുത്തുയും വാങ്ങുകയും ചെയ്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

3. ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങളെ സംബന്ധിച്ച വിവരമോ കംപാരറ്റീവ് സ്റ്റേറ്റ്മെന്റോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇക്കാരണത്താൽ വാങ്ങൽ നടപടി ലാഭകരമായിരുന്നോ എന്നത് ഓഡിറ്റിന് ഉറപ്പ് വരുത്താനായിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.23/30.07.2024) ഹെഡ് മാസ്റ്ററോ സ്ഥാപനമോ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും GeM -ൽ നിന്നും വാങ്ങിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-36 സാമ്പത്തിക ഔചിത്യം പാലിക്കാതെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നു.

വികസന പ്രവർത്തനങ്ങൾക്ക് താരതമ്യേന കുറഞ്ഞ വിഭവ സ്രോതസ്സുകൾ മാത്രം ലഭ്യമായ ഗ്രാമപഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ അധിക ചെലവ് വരുത്തുന്ന ഇനങ്ങൾ ആവശ്യകത വ്യക്തമാക്കാതെയും കൃത്യമായ ആസൂത്രണമില്ലാതെയും ഉൾപ്പെടുത്തുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. പി.ഡബ്ല്യു.ഡി റിവൈസ്ഡ് മാന്വലിലെ അനുബന്ധം 1600 D യിൽ വ്യവസ്ഥ ചെയ്ത പ്രകാരം മേൽ ഇനങ്ങളുടെ അനിവാര്യത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കാതെയാണ് പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിടത്തിന്റെ വെന്റിലേറ്ററുകൾക്ക് സ്ക്വയർ പൈപ്പുകൾ ഉപയോഗിക്കുന്നു.

കെട്ടിടങ്ങളുടെ മുകൾ നിലകളിൽ അരമതിൽ കെട്ടി ജനലുകൾ സ്ഥാപിച്ച് അതിന് മുകളിലായി വെന്റിലേറ്ററുകൾ എന്ന രീതിയിൽ സ്റ്റീൽ പൈപ്പുകൾ ഉപയോഗിക്കുന്ന പ്രവണത സ്ഥാപനത്തിൽ നിലനിൽക്കുന്നു. കൃത്യമായ അളവുകൾ, ഉപയോഗിക്കേണ്ട പൈപ്പുകളുടെ അളവ് എന്നിവ എസ്റ്റിമേറ്റിൽ വ്യക്തമാക്കാതെയും ഇനത്തിന്റെ അനിവാര്യത എസ്റ്റിമേറ്റ് റിപ്പോർട്ടുകളിൽ പരാമർശിക്കാതെയുമാണ് പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നത്. ചില എസ്റ്റിമേറ്റുകളിൽ പൈപ്പിന്റെ അളവ് കണക്കാക്കിയത് പ്രവൃത്തി നിർവ്വഹിക്കുന്ന ഭാഗത്തിന്റെ വിസ്തീർണ്ണത്തിനെ അടിസ്ഥാനപ്പെടുത്തിയാണെന്നത് എസ്റ്റിമേറ്റുകളിലെ കൃത്യത ഇല്ലായ്മയുടെയും ആസൂത്രണമില്ലായ്മയുടെയും തെളിവാണ്. (ഉദാ- വാളൂർ GUPS നവീകരണം, പ്രൊ.നം 135/24, എസ്റ്റിമേറ്റിന്റെ വിശദാംശം ചിത്രത്തിൽ ചേർത്തിരിക്കുന്നു).

വാളൂർ GUPS നവീകരണം , 10.16.1 പ്രകാരമുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ്

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | hall | 1.000 | 25.000 | 6.100 | | 4.800000 | 732.000 | kg |
| 2 | side covering | 2.000 | 25.000 | 1.000 | | 2.000000 | 100.000 | kg |
| 3 | side covering | 2.000 | 6.100 | 1.000 | | 2.000000 | 24.400 | kg |
| 4 | stage | 1.000 | 6.100 | 4.600 | | 2.000000 | 56.120 | kg |
| 5 | hall | 2.000 | 4.600 | 1.000 | | 2.000000 | 18.400 | kg |
| 6 | hall | 1.000 | | | | 0.900000 | 0.900 | kg |

നിർമ്മാണത്തിന്റെ രൂപ രേഖ (സ്കെച്ച് ) തയ്യാറാക്കിയിട്ടില്ല എന്നതിനാൽ വർക്കിംഗ് ഗ്രൂപ്പ്, ഭരണസമിതി, പൊതുജനങ്ങൾ എന്നവർക്ക് നിർവ്വഹിക്കുന്ന പ്രവൃത്തിയുടെ സ്വഭാവം, അളവ് , ഉദ്ദേശം എന്നിവയെ സംബന്ധിച്ച വിവരം ലഭ്യമായില്ല എന്നതും പ്രസക്തമാണ്. ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

17.28 മീറ്റർ ചുറ്റളവുള്ള കീഴൽ ലക്ഷം വീട് കോളനി കെട്ടിടത്തിന്റെ ഒന്നാം നിലയുടെ മുകളിൽ നാല് ഭാഗത്തുമായി അരമതിൽ കെട്ടി ജനൽ സ്ഥാപിച്ചതിന് മുകളിലായി DAR 10.16.1 ഒന്നരയിഞ്ച് ഇടവേളയിൽ 10 നിരകളിലായി സമാന്തരമായി സ്റ്റീൽ സ്ക്വയർ പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. 40x20 Mm അളവിലുള്ള സ്ക്വയർ പൈപ്പുകളാണ് പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുള്ളത്. ആകെ 178.6 ((2x10×5.49)+(2x10×3.44)) മീറ്റർ സ്റ്റീൽ പൈപ്പാണ് മേൽ പ്രവൃത്തിക്കായി വിനിയോഗിച്ചിട്ടുള്ളത് . സ്റ്റീൽ പൈപ്പിന് പിറകിലായി GI Wire Mesh സ്ഥാപിച്ചതിനാൽ പൈപ്പ് സ്ഥാപിച്ചതിന്റെ അനിവാര്യത വ്യക്തമല്ല. മീറ്ററിന് 1.3 Kg നിരക്കിൽ ആകെ 232.18 കിലോ ഗ്രാമിന് 42951 രൂപയാണ് സ്ഥാപനം ചെലവഴിച്ചിട്ടുള്ളത്. വെന്റിലേറ്ററിന്റെ പൈപ്പിന്റെ അളവ് എസ്റ്റിമേറ്റിൽ കേവലം 5.25 കിലോ ഗ്രാം മാത്രമായിരുന്നു വിഭാവനം ചെയ്തിരുന്നതെന്ന വസ്തുത ഇവിടെ പ്രസക്തമാണ്. അരമതിലിന്റെ ഉയരം കൂട്ടി ആസൂത്രണം ചെയ്തിരുന്നുവെങ്കിൽ ചെലവ് കുറയ്ക്കുന്നതിന് സാധ്യമാവുമായിരുന്നു. അത്തരത്തിലുള്ള സമീപനം എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നിർവ്വഹണ ഉദ്യോഗസ്ഥൻ കൈക്കൊണ്ടിട്ടില്ല.

ചിത്രം കാണുക

കീഴൽ ലക്ഷം വീട് കോളനി സാംസ്കാരിക നിലയം



വാളൂർ GUPS നവീകരണം (135/24), എം.സി.എഫ് നവീകരണം (157/24), പകൽവീടുകളുടെ സംരക്ഷണം- അറ്റകുറ്റപണി (165/24), കോളനികളിലെ സാംസ്കാരിക നിലയം പുനരുദ്ധാരണം (163/24) എന്നീ പ്രവൃത്തികളിലും കൃത്യമായ ആസൂത്രണം ഇല്ലാത്തത് മൂലം സമാനമായ അപാകത ഉണ്ടായിട്ടുണ്ടെന്നത് അധിക ചെലവിന്റെ വ്യാപ്തി വ്യക്തമാക്കുന്നതാണ്.

എം.സി.എഫ്. കെട്ടിടം



കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 40(b)-B പ്രകാരം സാഹചര്യം ആവശ്യപ്പെടുന്നതിനേക്കാൾ കൂടുതൽ അളവിൽ ചെലവുകൾ നടക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ട ചുമതല നിർവ്വഹണ ഉദ്യോഗസ്ഥനുണ്ട്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.33/06.08.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിൽ സാങ്കേതിക ജ്ഞാനമുള്ള വിദഗ്ധരെ ഉൾപ്പെടുത്തി എസ്റ്റിമേറ്റുകൾ ആവശ്യകത അനുസരിച്ചും സ്ഥാപനത്തിന്റെ സാമ്പത്തിക താത്പര്യങ്ങളെ പരിഗണിച്ചുമാണ് തയ്യാറാക്കപ്പെടുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-37 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - ഹരിതകർമ്മസേന പ്രവർത്തനാവലോകനം

ഓഡിറ്റ് മാനദണ്ഡങ്ങൾ (criteria)

I കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച നിയമം

A) പരിസ്ഥിതി സംരക്ഷണ നിയമം-1986

II കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ചട്ടങ്ങൾ

1)2016 ലെ ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ

2) 2016 ലെ പ്ലാസ്റ്റിക് മാലിന്യ സംസ്കരണ ചട്ടങ്ങൾ

3) 2016 ലെ ഇ വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ

4) 2016 ലെ ഹസാർഡസ് വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ

5)2016 ലെ ബയോ മെഡിക്കൽ വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ

6)2016 ലെ കൺസ്ട്രക്ഷൻ &ഡിമോളിഷ് വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ

III കേരള പഞ്ചായത്ത് രാജ് , കേരള മുനിസിപ്പാലിറ്റി നിയമങ്ങൾ

എ) കേ.പ.രാജ് ആക്ട് 1994-അനിവാര്യ ചുമതലകൾ, സെക്ഷൻ 218, 219 (എ) മുതൽ (എക്സ്) വരെയുള്ളവ എന്നിവ ശ്രദ്ധിക്കുക

ബി) 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ്(2023ഡിസംബർ 9-ാം തീയതി പ്രാബല്യത്തിൽ വന്നത്)

സി) കേ.മു.ആക്ട് 1994-അനിവാര്യ ചുമതലകൾ സെക്ഷൻ 326, 329, 331, 332, 334, 334എ,ബി,സി, 335, 336 മുതൽ 345 വരെയുള്ളവ എന്നിവ ശ്രദ്ധിക്കുക

ഡി) 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് (2023ഡിസംബർ 9-ാം തീയതി പ്രാബല്യത്തിൽ വന്നത്)

IV.സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ /മാർഗ്ഗനിർദ്ദേശങ്ങൾ

1) 26.5.17ലെ ഹരിതകേരള മിഷൻ ശുചിത്വ മാലിന്യ സംസ്കരണ ക്യാമ്പയിൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ

2)15.7.17 ലെ MS 2420/17/ LSGD നമ്പർ ഉത്തരവ് പ്രകാരമുള്ള ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ

3)12.08.2020ലെ 1496/2020/തസ്വഭവ നമ്പർ പ്രവർത്തനമാർഗ്ഗരേഖ

ആമുഖം

കേരള പഞ്ചായത്ത് രാജ് ആക്ടിലെ മേൽപറഞ്ഞ നിയമങ്ങൾ (III (എ) കാണുക) മാലിന്യ നിർമ്മാർജ്ജനത്തിൽ പഞ്ചായത്തിന്റെയും സ്ഥാപന പരിധിയിലെ കെട്ടിടങ്ങളുടെ ഉടമസ്ഥർ താമസക്കാർ മറ്റ് മാലിന്യ സ്രൃഷ്ടാക്കൾ എന്നിവരുടേയും ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കുന്നു. ചവറും ഖരാവസ്ഥയിലുള്ള മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനുള്ള ഏർപ്പാട് ചെയ്യണമെന്നും വീടുവീടാന്തരമുള്ള ചവറുശേഖരണത്തിന് ഏർപ്പാട് ചെയ്യാമെന്നും ഖരമാലിന്യങ്ങൾ ആത്യന്തികമായി കൈയ്യൊഴിയുന്നതിന് ആവശ്യമായ സ്ഥലവും സംവിധാനവും ഒരുക്കുകയെന്നതും മാലിന്യവും മറ്റും നീക്കം ചെയ്യുന്നതിന് മൂടിയുള്ള വണ്ടി ഉപയോഗിക്കണമെന്നതും പഞ്ചായത്തിന്റെ ഉത്തരവാദിത്വങ്ങളിൽ പെടുമ്പോൾ മാലിന്യങ്ങൾ ശേഖരിക്കുകയും നിക്ഷേപിക്കുകയും ചെയ്യുന്നതിന് കെട്ടിട ഉടമസ്ഥർക്കും താമസക്കാർക്കും ഉള്ള കർത്തവ്യവും നിയമത്തിൽ വ്യക്തമാക്കപ്പെടുന്നു. കൂടാതെ മാലിന്യം ഉറവിടത്തിൽ തന്നെ കൈകാര്യം ചെയ്യുക, സാധനങ്ങൾ കൊണ്ടു പോകുന്നതിനുള്ള പ്ലാസ്റ്റിക് സഞ്ചികളുടെയും കവറുകളുടെയും ഉപയോഗം നിയന്ത്രിക്കലും, പ്ലാസ്റ്റിക് മാലിന്യങ്ങൾ യുക്തമായ രീതിയിൽ കൈകാര്യം ചെയ്യുകയും ചെയ്യുക, പരിസരങ്ങളിൽ മാലിന്യം സൂക്ഷിക്കാതിരിക്കുക, മാലിന്യം ബഹിർഗമിപ്പിക്കാതിരിക്കുക, ചവറോ മറ്റ് മാലിന്യങ്ങളോ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കാതിരിക്കുക, മാലിന്യങ്ങൾ ജലാശയങ്ങളിലോ ജലസ്രോതസ്സുകളിലോ നിക്ഷേപിക്കാതിരിക്കുക തുടങ്ങിയ ചുമതലകൾ നിയമപ്രകാരം മാലിന്യ സ്രൃഷ്ടാക്കളുടെ ചുമതലയിൽപ്പെടുന്നു.

ഗ്രാമപഞ്ചായത്ത് നിർവ്വഹിക്കേണ്ട കാര്യങ്ങൾ

നിയമത്തിലെ മേൽ വ്യവസ്ഥകൾക്ക് അനുപൂരകമായ നിർദ്ദേശങ്ങൾ തന്നെയാണ് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മേൽ ചട്ടങ്ങളിലും പ്രതിപാദിക്കുന്നത്. ഈ ചട്ടങ്ങളിൽ പ്രതിപാദിക്കുന്നതനുസരിച്ച് കേരള സർക്കാർ ഇക്കാര്യത്തിലുള്ള സംസ്ഥാനത്തിന്റെ പോളിസിയും സ്ട്രാറ്റജിയും ഹരിതകേരള മിഷനിലൂടെ പുറപ്പെടുവിച്ചിട്ടുണ്ട്. ചട്ടങ്ങളും ഹരിതകേരള മിഷൻ മാർഗ്ഗരേഖകളും പരിഗണിക്കുമ്പോൾ താഴെ പറയുന്ന നടപടികൾ മാലിന്യ നിർമ്മാർജ്ജനത്തിന്റെ കാര്യത്തിൽ പഞ്ചായത്ത് സ്വീകരിക്കേണ്ടതുണ്ട്.

1) 2016 ലെ ഖരമാലിന്യ സംസ്കരണ ചട്ടത്തിൻ കീഴിൽ സംസ്ഥാന സർക്കാരുണ്ടാക്കുന്ന പോളിസിക്കും സ്ട്രാറ്റജിക്കും അനുസൃതമായി മേൽ പോളിസി വിജ്ഞാപനം ചെയ്ത് 6 മാസത്തിനുള്ളിൽ ഒരു ഖരമാലിന്യ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കേണ്ടതും അതിന്റെ പകർപ്പ് സർക്കാരിനോ സർക്കാർ നിശ്ചയിക്കുന്ന ഏജൻസിക്കോ നല്കേണ്ടതുമാണ്. ഈ പ്ലാൻ തയ്യാറാക്കേണ്ടത് ഹരിതകേരള മിഷന്റെ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചായിരിക്കേണ്ടതാണ്.

2) മേൽചട്ടം നിലവിൽ വന്ന് ഒരു വർഷത്തിനകം മേൽ ചട്ടത്തിലെയും പ്ലാസ്റ്റിക് ഖരമാലിന്യ സംസ്കരണ ചട്ടത്തിലെയും വ്യവസ്ഥകൾ ഉൾപ്പെടുത്തി ബൈലോ തയ്യാറാക്കി ആയതിന്റെ സമയബന്ധിതമായ നിർവ്വഹണം ഉറപ്പുവരുത്തേണ്ടതാണ്. ഈ ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെയുള്ള സ്പോട്ട് ഫൈൻ നിശ്ചയിച്ചും 50 മൈക്രോണിൽ കുറഞ്ഞ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം നിരോധിച്ചും ഈ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെ നിർമ്മിക്കപ്പെടുന്ന പ്ലാസ്റ്റിക് നിരോധിച്ചു കൊണ്ടും ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കുള്ള പിഴ നിശ്ചയിച്ചുകൊണ്ടുമുള്ള വ്യവസ്ഥകൾ ബൈലോയുടെ ഭാഗമാകേണ്ടതാണ്. പ്ലാസ്റ്റിക് ക്യാരി ബാഗിൽ സാധനങ്ങൾ നല്കാനാഗ്രഹിക്കുന്ന കച്ചവടക്കാർ ഇക്കാര്യത്തിൽ പ്രതിമാസം 4,000/- രൂപ ഒടുക്കി തദ്ദേശ ഭരണ സ്ഥാപനത്തിൽ നിന്നും ലൈസൻസ് എടുക്കണമെന്നും പണം വാങ്ങി മാത്രമേ ഇപ്രകാരം ബാഗ് ആവശ്യക്കാർക്ക് നല്കാവൂയെന്നും ഇതിൽ വ്യവസ്ഥ ചെയ്യേണ്ടതാണ് .

3) ജൈവമാലിന്യങ്ങളുടെ കാര്യത്തിൽ ഉറവിട മാലിന്യ സംസ്കരണം ലക്ഷ്യം വയ്ക്കേണ്ടതും പരാമാവധി വീടുകളിലും സ്ഥാപനങ്ങളിലും ഉറവിട മാലിന്യ സംവിധാനങ്ങൾ ഒരുക്കുവാനുള്ള പ്രവർത്തനങ്ങൾ വീടുവീടാന്തരം സന്ദർശിച്ച് നടത്തേണ്ടതുമാണ്. ഇത്തരം സംവിധാനങ്ങൾ സ്വന്തം നിലയ്ക്ക് ഒരുക്കാൻ സ്ഥലപരിമിതിയുള്ളവർക്കും തെരുവു ശുചീകരണത്തിന്റെ ഭാഗമായുണ്ടാകുന്ന ജൈവമാലിന്യങ്ങൾക്കും വേണ്ടി പൊതുസംവിധാനങ്ങൾ ഒരുക്കേണ്ടതാണ്.

4) ഉപയോഗം കുറക്കുക, ഉല്പാദനം കുറക്കുന്നതിലേക്കായി പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണം പ്രോത്സാഹിപ്പിക്കുക എന്നതായിരിക്കണം അജൈവ മാലിന്യത്തോടുള്ള സമീപനം. അജൈവ മാലിന്യങ്ങൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഇക്കാര്യത്തിനായി നോട്ടിഫൈ ചെയ്ത നിശ്ചിത ഫീസ് ഈടാക്കി നിശ്ചിത ഇടവേളകളിൽ ശേഖരിക്കുക,ഇവ ഇതിനായി തയ്യാറാക്കുന്ന മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (MRF) സെന്ററിൽ ശേഖരിച്ച് രണ്ടാംഘട്ട തരം തിരിവ് നടത്തി (ഒന്നാം ഘട്ടം ഉറവിടത്തിൽ തന്നെ നടക്കുന്നു) റീ സൈക്ലിംഗ് വ്യവസായത്തിന് നല്കുക, റീ സൈക്ലിംഗിന് വിധേയമാക്കാനാവാത്തവ, കഴുകുന്നതിനും ഷ്രഡ്ഡിംഗിന് വിധേയമാക്കുന്നതിനും യന്ത്രവൽകൃത MRF സെന്ററുകൾ സ്ഥാപിക്കുക , ഷ്രഡ്ഡിംഗിന് വിധേയമായവ റോഡ് പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്തുക എന്നതായിരിക്കണം പ്രവർത്തനരീതി. മേൽ പ്രവർത്തനങ്ങളുടെ മുൻപിൻ ബന്ധം ഉറപ്പുവരുത്തുന്നതിനായി ഖരമാലിന്യങ്ങൾ അനൗപചാരികമായി ശേഖരിക്കുകയും വ്യാപാരം നടത്തുകയും ചെയ്യുന്ന സ്ക്രാപ് ഡീലർമാരെ മേൽ സംവിധാനവുമായി ബന്ധിപ്പിക്കേണ്ടതും അജൈവമാലിന്യങ്ങളുടെ പുനരുപയോഗം ഉറപ്പുവരുത്താൻ സ്വാപ് ഷോപ്പുകൾ (ചിലർക്ക് കൈയ്യൊഴിയേണ്ടതും മറ്റ് ചിലർക്ക് ആവശ്യം വരുന്നതുമായ വസ്തുക്കൾ കൊടുക്കുന്നതിനും വാങ്ങുന്നതിനും ഉള്ള സംവിധാനം) ഇതോടനുബന്ധിച്ച് റിപ്പയർ ഷോപ്പുകൾ എന്നിവ സ്ഥാപിക്കേണ്ടതുമാണ്.

5) അജൈവമാലിന്യങ്ങളുടെ അളവ് കുറക്കുന്നതിനായി ഓഫീസുകളിലും പൊതുസ്ഥലങ്ങളിലും ഹരിതമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ( 10 നിർദ്ദേശങ്ങൾ) പാലിക്കേണ്ടതാണ് .

6) ക്രമ നം 3,4 എന്നിവയിൽ പ്രതിപാദിച്ച കാര്യങ്ങൾക്കായി നിർദ്ദേശിക്കപ്പെട്ട രീതിയിൽ ഹരിതകർമ്മ സേന രൂപീകരിക്കേണ്ടതാണ്. വീടുവീടാന്തരം സന്ദർശിച്ച് ബോധവത്കരണം നടത്തുക, നിലവിലെ മാലിന്യത്തിന്റെ തോത് കണ്ടെത്തി ആസൂത്രണത്തിനായി ഉപയോഗപ്പെടുത്തുക, നിലവിലെ സംസ്കരണ രീതി പരിശോധിക്കുക, ഉപയോഗപ്പെടുത്താവുന്ന സംവിധാനങ്ങൾ പരിചയപ്പെടുത്തുക എന്നിവ ഇവരുടെ പ്രാഥമിക കർത്തവ്യങ്ങളും അജൈവമാലിന്യങ്ങളുടെ ശേഖരണം, ഗുണഭോക്താക്കൾക്ക് ആവശ്യമായ സാങ്കേതിക സഹായം നല്കുക, മോണിറ്ററിംഗ് നടത്തുക എന്നിവ തുടർ പ്രവർത്തനങ്ങളുമാകുന്നു. ബോധവൽക്കരണം,സർവ്വേ എന്നിവയ്ക്കായി വ്യാപകമായ പ്രചരണം നല്കേണ്ടതുണ്ട്.

7) ഹരിതകർമ്മസേനയ്ക്ക് സാങ്കേതികസഹായം ലഭ്യമാക്കുന്നതിന് ഒരു ഹരിതസഹായ സ്ഥാപനത്തിന്റെ സഹായം സ്ഥാപനം ലഭ്യമാക്കേണ്ടതാണ്. പ്രൊഫഷണലായി മാലിന്യപ്രശ്നം കൈകാര്യം ചെയ്തു പരിചയമുള്ള ഇവരുടെ മേൽനോട്ടത്തിലാണ് ഹരിതകർമ്മസേന സർവ്വേ നടത്തേണ്ടതും തങ്ങളുടെ പ്രവർത്തനങ്ങൾ നടത്തേണ്ടതും. മേൽ സർവ്വേ റിപ്പോർട്ട് അടിസ്ഥാനപ്പെടുത്തി സ്ഥാപനത്തിന്റെ മാലിന്യ സംസ്കരണത്തിനുള്ള വിശദമായ ഡി പി ആർ ഇവർ തയ്യറാക്കേണ്ടതുണ്ട്. കർമ്മസേനാംഗങ്ങൾക്ക് ആവശ്യമായ പരിശീലനം നല്കുക, അവരുടെ പ്രവർത്തനം മോണിറ്റർ ചെയ്ത് പോരായ്മകൾ ഉണ്ടെങ്കിൽ പരിഹരിക്കുക, ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുക എന്നിവ ഉത്തരവാദിത്വങ്ങളിൽ പെടുന്നു.

8) നിക്ഷേപകൻ(സംസ്കരണത്തിനുള്ള അടിസ്ഥാനസൗകര്യമൊരുക്കുന്നതിന്), പ്രേരണ ചെലുത്തുക (സംസ്കരണപ്രവർത്തനങ്ങൾ കാര്യക്ഷമമാകുന്നതിന്), പദ്ധതി ആവിഷ്കാര നിർവ്വഹണം, സാങ്കേതിക വിദ്യ ലഭ്യമാക്കൽ, നിയമങ്ങൾ നടപ്പാക്കൽ, നിരീക്ഷണം എന്നീ 6 ഘടകങ്ങൾ അടങ്ങിയതാണ് സ്ഥാപനത്തിന്റെ ഉത്തരവാദിത്വം. ഹരിത കർമ്മസേനയുടെയും സഹായ സ്ഥാപനത്തിന്റെയും പ്രവർത്തനങ്ങൾക്ക് ആവശ്യമെങ്കിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് നല്കേണ്ടതുമാണ്. കൂടാതെ സ്ഥാപന പരിധിയിലെ എല്ലാ പരിപാടികളിലും ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുക എന്നതും ചുമതലയിൽപ്പെടുന്നു.

9) തദ്ദേശ സ്ഥാപനതലത്തിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സണായി സാങ്കേതിക സമിതി രൂപീകരിക്കണം. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ സ്ഥാപനതലത്തിലുള്ള എല്ലാ മേൽനോട്ടവും സമിതിയിൽ നിക്ഷിപ്തമാണ്.

10) സ്ഥാപനത്തെ നിശ്ചിത സമയത്തിനുള്ളിൽ (ഡി.പി.ആറിൽ സൂചിപ്പിക്കുന്ന കാലയളവിനുള്ളിൽ) സീറോവെസ്റ്റ് എന്ന സ്ഥിതിവിശേഷത്തിൽ എത്തിക്കുക.

മേൽ മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ നാളിതുവരെയുള്ള പ്രവർത്തനവും നിലവിലെ സ്ഥിതിവിശേഷവും ഓഡിറ്റിൽ വിലയിരുത്തിയിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

<u>നിലവിലെ അവസ്ഥ</u>

26.01.2024 ന് ഗ്രാമപഞ്ചായത്തിനെ സമ്പൂർണ്ണമാലിന്യ മുക്തഗ്രാമമായി പ്രഖ്യാപിച്ചിട്ടുണ്ട്. മാലിന്യ കൂമ്പാരങ്ങൾ ഇല്ലാതിരിക്കുക, മാലിന്യം വലിച്ചെറിയപ്പെടുന്ന സ്ഥിതിവിശേഷം ഇല്ലാതിരിക്കുക, എല്ലാ വീടുകളും മറ്റ് സ്ഥാപനങ്ങളും അജൈവമാലിന്യങ്ങൾ പ്രതിമാസം ഫീസ് നല്കി ഹരിതകർമ്മസേനയ്ക്ക് കൈമാറുന്ന സാഹചര്യം സൃഷ്ടിക്കപ്പെടുക, ജലാശയങ്ങൾ മാലിന്യ മുക്തമാകുക, ഉറവിട മാലിന്യസംസ്കരണ സാധ്യത നിലനില്ക്കുക തുടങ്ങിയ ഘടകങ്ങൾ അടിസ്ഥനപ്പെടുത്തിയാണ് ഗ്രാമം മാലിന്യമുക്തമെന്ന് പ്രഖ്യാപിക്കപ്പെടുന്നത്. മേല്പറഞ്ഞ നിയമങ്ങളും ചട്ടങ്ങളും നടപ്പിലാക്കുന്നതിൽ സ്ഥാപനം വളരെ മുന്നോട്ടു പോയെന്ന് ഈ പ്രഖ്യാപനം സാക്ഷ്യപ്പെടുത്തുന്നു. എങ്കിലും ഈ നിയമങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് നിർവ്വഹിക്കേണ്ട കാര്യങ്ങളിൽ എത്രത്തോളം മുന്നോട്ട് പോയെന്ന് ഓഡിറ്റ് പരിശോധിക്കുകയുണ്ടായി. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

ഹരിത കർമ്മസേനയുടെ പ്രവർത്തനം

ക്രമ നം4ൽ പ്രതിപാദിച്ച പ്രകാരമുള്ള ഹരിത കർമ്മ സേന 2017 ൽ തന്നെ സ്ഥാപനത്തിൽ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ 17 വാർഡുകളിലായി 34 സേനാംഗങ്ങൾ പ്രവർത്തിച്ചുവരുന്നു. എന്നാൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവമാലിന്യങ്ങൾ പ്രതിമാസം ശേഖരിക്കുകയെന്ന പ്രവർത്തനം നിലവിലും ബാല്യദശയിൽ തന്നെയാണുള്ളത്. സേനകളുടെ പ്രവർത്തനം സംസ്ഥാനതലത്തിൽ തന്നെ സജീവമായ കഴിഞ്ഞ ഒരു വർഷത്തിൽ സ്ഥാപനത്തിലുണ്ടായ വളർച്ചയുടെ തോത് താഴെ കൊടുത്ത വിശദാംശം വ്യക്തമാക്കുന്നു.

ഹരിത കർമ്മസേന പിരിച്ചെടുത്ത പ്രതിമാസ ഫീസ് വിവരങ്ങൾ -3/23 ലേയും 3/24 ലേയും താരതമ്യം

| ആകെ കെട്ടിടങ്ങൾ | | ഫീസ് പിരിച്ചെടുത്ത കെട്ടിടങ്ങളുടെ എണ്ണം | | | | ആകെ പിരിച്ചെടുത്ത ഫീസ് | | | | പിരിവിന്റെ ശതമാനം | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| വീടുകൾ | മറ്റ് കെട്ടിടങ്ങൾ | 2023 മാർച്ച് മാസം | | 2024 മാർച്ച് മാസം | | 2023 മാർച്ച് മാസം | | 2024 മാർച്ച് മാസം | | 2023 മാർച്ച് മാസം | | 2024 മാർച്ച് മാസം | |
| | | വീടുകള് | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ |
| 7429 | 490 | 730 | 17 | 3495 | 97 | 36500 | 1700 | 176250 | 8250 | 9.8 | 3.46 | 47 | 19.79 |

2023 മാർച്ച് മാസത്തിൽ യഥാക്രമം 6.6 ഉം 3.46 ഉം ശതമാനമായിരുന്ന വീടുകളിലേയും മറ്റ് സ്ഥാപനങ്ങളിലേയും അജൈവവസ്തു ശേഖരണം 2024 മാർച്ച് മാസമാകുമ്പോഴും യഥാക്രമം 47 ഉം 19.79 ഉം ശതമാനത്തിൽ മാത്രമാണ് എത്തിയതെന്ന് കാണാം. ഇതു മൂലം വളരെ കുറഞ്ഞ വരുമാനം മാത്രമാണ് സേനാംഗങ്ങൾക്ക് ലഭിക്കുന്നതെന്ന് ഓഡിറ്റിൽ വ്യക്തമായിട്ടുണ്ട്. പ്രതിമാസം നൂറു ശതമാനം പിരിവിലേക്കെത്താൻ ഇനിയും വലിയ പ്രവർത്തനം ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടതുണ്ട്.

എല്ലാ കെട്ടിടങ്ങളിൽ നിന്നുമുള്ള ഫീസ് പിരിവും മാലിന്യത്തിന്റെ നീക്കവും ഓൺലൈൻ പ്ലാറ്റ്ഫോമിലേക്ക് മാറ്റുന്ന സ്മാർട്ട് ഗാർബേജ് പദ്ധതിയുടെ നിർവ്വഹണം നടന്നുവരുന്നതേയുള്ളുവെന്ന് ഓഡിറ്റിന് ലഭ്യമാക്കിയ കണക്കുകളിൽ നിന്നും ബോധ്യമാകുന്നു. നാളിതുവരെ 7,622 കെട്ടിടങ്ങൾക്ക് QR കോഡ് പതിച്ചതായി ഓഡിറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. നിലവിൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 10,953 ഗാർഹിക കെട്ടിടങ്ങൾ ഉൾപ്പെടെ ആകെ 13,096 കെട്ടിടങ്ങളുള്ള സ്ഥാപനത്തിൽ QR കോഡ് പതിക്കേണ്ട കെട്ടിടങ്ങൾ വലിയ തോതിൽ അവശേഷിക്കുന്നുണ്ടെന്ന് കാണാം.

റിജക്ട് മാലിന്യത്തിന്റെ ശേഖരണവും കൈയ്യൊഴിയലും

പ്രതിമാസ ഫീസ് പിരിക്കുന്നതിനൊപ്പം വേർതിരിച്ച, പുനരുപയോഗ സാധ്യമായ മാലിന്യങ്ങൾ സേന സ്വീകരിക്കുന്നുണ്ട്. എന്നാൽ വീടുകളിലും സ്ഥാപനങ്ങളിലും ഉണ്ടാകുന്ന റിജക്ട് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് കൃത്യമായ പ്ലാൻ ഇല്ല എന്നു കാണുന്നു. 7-09-2020-ലെ ഡി.സി1/282/2020/ ത.സ.ഭ.വനം.സർക്കുലർ പ്രകാരം അജൈവ പാഴ് വസ്തുക്കളുടെ ശേഖരണം സംബന്ധിച്ച കലണ്ടർ സർക്കാർ പുറപ്പെടുവിച്ചിരുന്നു. കൂടാതെ സ.ഉ(സാധാ) നം.628/2023/LSGD തീയതി, 16-03-2023 പ്രകാരം ഇത് പുതുക്കി നല്കുകയും ചെയ്തു. മേൽ നിർദ്ദേശങ്ങൾ ഉണ്ടായിരുന്നിട്ടും നാളിതുവരെയായി സ്ഥാപനത്തിൽ ഇക്കാര്യത്തിൽ പ്ലാനോ കലണ്ടറോ ഇല്ല എന്നത് വീഴ്ചയാണ്. അജൈവ പാഴ് വസ്തുകൾ ശേഖരിക്കാതിരിക്കുകയോ , ശേഖരിക്കുന്നുണ്ടെങ്കിൽ തന്നെ ഇതിനായി പ്രത്യേക ഫീസ് ഈടാക്കുകയോ ചെയ്യുന്നില്ലെന്ന് ഓഡിറ്റിന് ലഭ്യമാക്കിയ വിവരങ്ങളിൽ നിന്നും വ്യക്തമാകുന്നു. ഓഡിറ്റ് വർഷം ഉൾപ്പടെ കഴിഞ്ഞ മൂന്ന് വർഷങ്ങളിലും യാതൊരു വരവും ഈയിനത്തിൽ സേനയ്ക്ക് ലഭിച്ചില്ലെങ്കിലും 2021-22, 2022-23, 2023-24 വർഷങ്ങളിൽ യഥാക്രമം 4,29,756/-രൂപയും 1,60,598/-രൂപയും 4,94,400/-രൂപയും റിജക്ട് മാലിന്യം കയറ്റി അയക്കുന്നതിന് പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. റിജക്ട് വേസ്റ്റിന് അത് കൈയ്യൊഴിയുന്നതിനുള്ള ചെലവിന് ആനുപാതികമായി തുക ഈടാക്കാത്തത് ഗ്രാമപഞ്ചായത്ത് ഫണ്ടിന് ബാധ്യത വരുത്തുന്നുവെന്ന് ഇത് വ്യക്തമാക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക ഇടപെടലുകൾ

2019-20 മുതൽ 2023-24 വരെയുള്ള വർഷങ്ങളിൽ ഈ മേഖലയിൽ താഴെ കൊടുത്ത വിധം ഗ്രാമപഞ്ചായത്ത് തുക വിനിയോഗിച്ചിട്ടുണ്ട്.

| വർഷം | ആകെ വിനിയോഗിച്ച തുക |
|---|---|
| 2018-19 | 5,56,563 |
| 2019-20 | 4,05,975 |
| 2020-21 | 4,63,470 |
| 2021-22 | 38,69,790 |
| 2022-23 | 23,39,190 |
| 2023-24 | 36,39,676 |

MCF ൽ അടിസ്ഥാന സൗകര്യമൊരുക്കൽ, ഹരിതസഹായ സംഘത്തിന് തുക നൽകൽ, ഹരിത സേനയ്ക്ക് ഉപകരണങ്ങൾ വാങ്ങലും വാഹനം വാങ്ങലും, അജൈവമാലിന്യം സംസ്കരണം, റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്യൽ തുടങ്ങിയ ഇനങ്ങളിലാണ് ഈ വർഷങ്ങളിൽ തുക ചെലവഴിച്ചിരിക്കുന്നത്. മേല്പറഞ്ഞ

ഇടപെടലുകളിൽ പോരായ്മ/അപാകത നിലനില്ക്കുന്ന പ്രധാന മേഖലകൾ താഴെ കൊടുക്കുന്നു.

MCFലെ അടിസ്ഥാന സൗകര്യം - എകദേശം 200 $M^2$ വിസ്തൃതിയിലുള്ള MCF സ്ഥാപനത്തിൽ ഒരുക്കിയിട്ടുണ്ട്. ഇതിൽ ഷ്രെഡ്ഡിംഗ് മെഷീൻ ഒഴികെ മറ്റ് മിക്ക ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ടെന്ന് ഓഡിറ്റിൽ വിശദീകരിച്ചിട്ടുണ്ട്. കൂടാതെ സേനാംഗങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സെഗ്രഗേഷൻ ഉൾപ്പടെയുള്ള പ്രവർത്തനങ്ങൾക്ക് സ്ഥല പരിമിതി തടസ്സമാകുന്നതായി വിശദീകരിക്കപ്പെട്ടിട്ടുണ്ട്. കൂടുതൽ സ്ഥലസൗകര്യം ലഭ്യമാക്കേണ്ടത് സേനയുടെ സുഗമമായ പ്രവർത്തനത്തിന് അനിവാര്യമാണ്.

യൂസർഫീസ് ഇളവ് ഇനത്തിൽ സേനയ്ക്ക് വിഹിതം നല്കൽ - അതിദരിദ്രർ, അഗതി ആശ്രയ പദ്ധതിയിൽ പെട്ടവർ എന്നീ വിഭാഗങ്ങളിലായി ആകെ 104 കുടുംബങ്ങൾ സ്ഥാപനത്തിലുണ്ട്. ഇവരുടെ വീടുകളിൽ നിന്നും മാലിന്യം പ്രതിമാസം ശേഖരിക്കുന്നുണ്ടെങ്കിലും ഇതിന്റെ ഫീസ് സർക്കാർ നിർദ്ദേശ പ്രകാരം ഗ്രാമപഞ്ചായത്താണ് നല്കേണ്ടത്. പ്രതിമാസം 50/-രൂപ നിരക്കിൽ 62,400/-രൂപ പ്രതിവർഷം (104X50X12) സേനയ്ക്ക് ഗ്രാമപഞ്ചായത്ത് നല്കേണ്ടതാണ്. എന്നാൽ നാളിതുവരെ ഈ ഇനത്തിൽ തുക അനുവദിച്ചിട്ടില്ല. ഓഡിറ്റ് വർഷം പ്രൊജക്ട് വച്ചിരുന്നെങ്കിലും സാങ്കേതിക കാരണങ്ങളാൽ നൽകാൻ കഴിഞ്ഞിട്ടില്ലെന്ന് ഓഡിറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഉറവിട മാലിന്യ സംസ്കരണം -വി ഇ ഒ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം നാളിതുവരെ ആകെ 395 വീടുകളിൽ മാത്രമാണ് ഉറവിട മാലിന്യ സംസ്കരണത്തിനായി റിംഗ് കംമ്പോസ്റ്റുകൾ വിതരണം ചെയ്തിരിക്കുന്നത്. നിലവിൽ 7429 വീടുകളിൽ നിന്നും അജൈവ പാഴ്വസതുക്കൾ ശേഖരിക്കപ്പെടുന്നതിനാൽ ഇനിയും 7034 (7429-395) വീടുകൾക്ക് ഉറവിട മാലിന്യ സംവിധാനങ്ങൾ ഒരുക്കേണ്ടതുണ്ടെന്ന് കാണാം. മറ്റ് കെട്ടിടങ്ങളുടെ കാര്യത്തിൽ ഉറവിട മാലിന്യസംസ്കരണം ആവശ്യമായ ഇടങ്ങളിൽ എത്രത്തോളം ഇവ സ്ഥാപിക്കപ്പെട്ടെന്ന് വ്യക്തമല്ല.

അജൈവമാലിന്യം (റിജക്ട്) കയറ്റി അയച്ച ഇനത്തിലെ ചെലവ്- അജൈവമാലിന്യം കയറ്റി അയച്ച ഇനത്തിൽ ക്ലീൻ കേരള കമ്പനിക്ക് പ്രൊജക്ട് തയ്യാറാക്കി തുക നൽകിയിട്ടുണ്ട്. പ്രത്യേക ഫീസ് ഈടാക്കാതെ വീടുകളിൽ/സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച റിജക്ട് മാലിന്യങ്ങളാണ് ഇപ്രകാരം കൈയ്യൊഴിഞ്ഞിരിക്കുന്നത്. വീടുകളിൽ/സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന റിജക്റ്റ് മാലിന്യങ്ങൾക്ക് പ്രത്യേക ഫീസ് ഈടാക്കി അതിൽ നിന്നും അവ കയറ്റി അയക്കുന്നതിനുള്ള ചെലവ് വഹിക്കുക എന്ന സമീപനം ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതുണ്ട്.

മറ്റ് പോരായ്മകൾ

എ) ക്രമ നം 1 ൽ പ്രതിപാദിച്ച ഒരു ഖരമാലിന്യ മാനേജ്മെന്റ് പ്ലാൻ നാളിതുവരെ സ്ഥാപനം തയ്യാറാക്കുകയോ അതിന്റെ പകർപ്പ് സർക്കാരിനോ സർക്കാർ നിശ്ചയിച്ച ഏജൻസിക്കോ നല്കുകയോ ചെയ്തിട്ടില്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥയായ വിഇഒ വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഒരു പ്ലാൻ തയ്യാറാക്കിയില്ലെങ്കിലും സമ്പൂർണ്ണ മാലിന്യ മുക്ത പദവി സ്ഥാപനത്തിന് ലഭിച്ചത് പ്രശംസനീയമാണ്. എന്നാൽ ഇനിയും സ്ഥാപനം മുന്നേറേണ്ടതുണ്ടെന്ന് മേല്പറഞ്ഞ കാര്യങ്ങളിൽ നിന്നും വ്യക്തമാകുന്നുവെന്നത് ശ്രദ്ധേയമാണ്.

ബി) ക്രമനം.2 ൽ പ്രതിപാദിച്ച ബൈലോയിൽ പ്രതിമാസ ഫീസ് കൂടാതെ പ്ലാസ്റ്റിക് പാക്കിംഗ് മെറ്റീരിയൽ (100 ഗ്രാമിന് 10/-രൂപ) മറ്റ് പ്ലാസ്റ്റിക് മാലിന്യങ്ങൾ (100 ഗ്രാമിന് 10/-രൂപ) എന്നിവ ശേഖരിക്കുന്നതിനുള്ള തുക കൂടി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ ഫീസ് പിരിക്കുന്നില്ല. കൂടാതെ 100 ൽ കൂടുതൽ പേർ പങ്കെടുക്കുന്ന പരിപാടികൾക്ക് 250/-രൂപ ഫീസ് ഈടാക്കി അനുമതി വാങ്ങണമെന്ന് ബൈലോയിൽ നിഷ്കർഷിച്ചിരിക്കെ ഇത്തരത്തിൽ ഒരു വരുമാനം സ്ഥാപനത്തിലില്ല.

സി) ഹരിതകർമ്മസേനയ്ക്കൊപ്പം മറ്റ് മൂന്ന് ഗ്രൂപ്പുകൾ രൂപീകരിക്കപ്പെട്ടെങ്കിലും ഇവ പ്രവർത്തനം തുടങ്ങിയിട്ടില്ല. എന്നാൽ സേനാംഗങ്ങളെ ഉൾപ്പെടുത്തി ഒരു കൺസോർഷ്യം രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ശുചിത്വ മേഖലയുടെ സുഗമമായ പ്രവർത്തനത്തിന് ഇതുമായി ബന്ധമുള്ള മേഖലകളിൽ (ഉദാ- സെഗ്രഗേഷൻ,സ്വാപ്പ് ഷോപ്പുകൾ) യൂണിറ്റുകൾ പ്രവർത്തനസജ്ജമാക്കേണ്ടതുണ്ട്.

നിർദ്ദേശങ്ങൾ

സ്ഥാപനത്തിലെ അജൈവ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നിലവിലെ വിടവുകൾ നികത്തി പരിപൂർണ്ണതയിലെത്തിക്കുക, ആസൂത്രണ, സബ്സിഡി മാർഗ്ഗരേഖകളിൽ പ്രതിപാദിച്ച കാര്യങ്ങൾക്കല്ലാതെ വരുന്ന ചെലവുകൾ ഹരിതകർമ്മസേനയുടെ വരുമാനം വർദ്ധിപ്പിച്ച് അതിൽ നിന്നുതന്നെ വഹിച്ച്(ഉദാ-റിജക്ട് മാലിന്യം കൈയ്യൊഴിയുന്നതിനുള്ള ചെലവ്) സ്ഥാപനത്തിന്റെ സാമ്പത്തികബാധ്യത ഒഴിവാക്കുക എന്നിവയായിരിക്കണം കാഴ്ചപ്പാട്. ചെലവുകൾ വഹിക്കുന്നതിന് സർക്കാർ നിർദ്ദേശപ്രകാരം രൂപീകരിക്കപ്പെട്ട, ഈ മേഖലയിലെ ഫീസുകളും ഫൈനുകളും ഉൾക്കൊള്ളിച്ച് രൂപീകരിച്ച ശുചിത്വഫണ്ടും ആവശ്യമെങ്കിൽ ഉപയോഗപ്പെടുത്താവുന്നതാണ്. മാനദണ്ഡങ്ങളിൽ പ്രതിപാദിച്ച 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റിലെ സെക്ഷൻ എ ഡി (1) ൽ മാലിന്യം വേർതിരിക്കൽ, ശേഖരണം, ഗതാഗതം, സംഭരണം, സംസ്കരണം, അതിന്റെ കൈയ്യൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട സേവനങ്ങൾ നല്കുന്നതിന്റെ പൂർണ്ണമോ ഭാഗികമോ ആയ ചെലവു വഹിക്കുന്നതിന് ഓരോ മാലിന്യ ഉൽപാദകനും നല്കേണ്ട യൂസർഫീസ് നിശ്ചയിക്കേണ്ടതും ശേഖരിക്കേണ്ടതുമാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. സ്ഥാപനത്തിന്റെ സാമ്പത്തിക താല്പര്യം മുൻനിർത്തി ഇത്തരത്തിൽ വരുന്ന പൂർണ്ണമായ ചെലവ് മാലിന്യ ഉൽപാദകനിൽ നിന്നു തന്നെ ഈടാക്കുന്നതായിരിക്കും ഉചിതമെന്ന് അഭിപ്രായപ്പെടുന്നു. നിലവിലുള്ള ബൈലോയിൽ പ്രതിമാസം 50/100 രൂപ നിരക്കിൽ ഈടാക്കുന്ന ഫീസ് മാത്രമാണ് പ്രതിപാദിച്ചത് എന്നതിനാൽ, പുതിയ ഭേദഗതിയുടെ അടിസ്ഥാനത്തിൽ, റിജക്ട് മാലിന്യശേഖരണത്തിനു കൂടി യൂസർ ഫീസ് ഉൾപ്പെടുത്തി പരിഷ്കരിച്ച ബൈലോ പുനർ നോട്ടിഫൈ ചെയ്യാവുന്നതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3


## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എസ്റ്റിമേറ്റിൽ വിഭാവനം ചെയ്യാത്ത പ്രവൃത്തി നിർവ്വഹിച്ചു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കോളനികളിലെ സാംസ്കാരിക നിലയങ്ങളുടെ നവീകരണം എന്ന പദ്ധതി പ്രകാരം കീഴൽ ലക്ഷം വീട് കോളനി കെട്ടിടത്തിന്റെ ഒന്നാം നിലയിൽ അരമതിൽ കെട്ടി സ്റ്റീൽ വർക് ചെയ്ത് റൂഫിംഗും അരമതിലിന് മുകളിൽ സ്റ്റീൽ ഫ്രെയിം ചെയ്ത് അതിനുള്ളിലായി ജി.ഐ മെഷ് ചെയ്യുന്നതിനുമുള്ള ഇനങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥല പരിശോധനയിൽ അരമതിലിന് മുകളിലായി അലൂമിനിയം ഫ്രെയിമിൽ സ്ലൈഡിംഗ് ഗ്ലാസ്സ് വിൻഡോകൾ സ്ഥാപിച്ച് അതിന് മുകളിലായി ഏകദേശം ഒന്നരയിഞ്ച് വ്യത്യാസത്തിൽ പത്ത് നിരകളിലായി വെന്റിലേറ്റർ എന്ന നിലയിൽ മുകൾ നിലയുടെ നാല് ഭാഗത്തും 40x20 സ്ക്വയർ പൈപ്പുകൾ സ്ഥാപിക്കുകയും അതിന് പിറകിലായി ജി.ഐ മെഷ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

ചിത്രം ചുവടെ ചേർക്കുന്നു.




മുകൾ നിലയുടെ നാല് ഭാഗത്തും 40x20 സ്ക്വയർ പൈപ്പുകൾ സ്ഥാപിക്കുകയും അതിന് പിറകിലായി ജി.ഐ മെഷ് സ്ഥാപിക്കുകയും ചെയ്ത പ്രവൃത്തിയുടെ അനിവാര്യത വ്യക്തമല്ല. പൈപ്പുകൾ സ്ഥാപിച്ചതിന്റെ ഇടയിലുള്ള വിടവിന്റെ അതേ അളവാണ് മെഷിന്റെ കണ്ണികൾ എന്നതും ഇവിടെ പ്രസക്തമാണ്. പ്രസ്തുത നിർമ്മിതിയുടെ അനിവാര്യത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കുകയും ചെയ്തിട്ടില്ല. 10.16.1 പ്രകാരമുള്ള പ്രവൃത്തികളുടെ അളവ്, ഉപയോഗിക്കേണ്ട പൈപ്പുകളുടെ വിശദാംശം എന്നിവ കൃത്യമായി രേഖപ്പെടുത്താതെയാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരം ജനലുകൾക്കായി 217.35 കിലോഗ്രാമും, വെന്റിലേറ്ററിനായി 5.25 കിലോഗ്രാമും സ്റ്റീൽ വർക്കാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ഇതേ എസ്റ്റിമേറ്റിൽ അലൂമിനിയം ജനലുകളും വിഭാവനം ചെയ്തിട്ടുണ്ട്. സ്ഥല പരിശോധനയിൽ അലൂമിനിയം ജനലുകളാണ് സ്ഥാപിച്ചിട്ടുള്ളതെന്നും ജനലുകൾ ജി.ഐ പൈപ്പുകളായും അലൂമിനിയം ജനലുകളായും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് മൂലം ഇരട്ടിപ്പുണ്ടായി എന്നതും വ്യക്തമായിട്ടുണ്ട്. ഉപയോഗിക്കേണ്ട പൈപ്പുകളുടെ അളവ് എസ്റ്റിമേറ്റിൽ വ്യക്തമാക്കുകയോ നിർമ്മാണത്തിന്റെ രൂപ രേഖ തയ്യാറാക്കുകയോ ചെയ്തിട്ടുമില്ല. ഇക്കാരണത്താൽ എസ്റ്റിമേറ്റുകളിൽ സാമ്പത്തിക നിയന്ത്രണം ഉറപ്പ് വരുത്തുന്നതിന് സ്ഥാപനത്തിന് സാധിക്കാത്ത സ്ഥിതി വിശേഷം ഉണ്ടാകുന്നു.

DAR ലെ റോഡ് വർക് എന്ന അദ്ധ്യായത്തിലെ 16.70.2 പ്രകാരമുള്ള ഇനമാണ് സ്ക്വയർ പൈപ്പുകൾ സ്ഥാപിച്ചതിന് പിറകിലായി മെഷ് സ്ഥാപിക്കുന്നതിനായി ആസൂത്രണം ചെയ്തിട്ടുള്ളത്. പ്രസ്തുത ഇനത്തിൽ മെറ്റീരിയലായി Chain Link Fabric Fencing Mesh Of Size 50x50 Mm Made Of G.I. Wire Of Dia 4 Mm. PVC Coated To Outer Dia 5 Mm (M 8696), Sundries ആയി Nuts And Bolts And Washers എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ സ്ഥല പരിശോധനയിൽ പ്രവൃത്തിക്കായി ഉപയോഗപ്പെടുത്തിയിട്ടുള്ള ജി.ഐ മെഷ് പി.വി.സി കോട്ടിംഗ് ഇല്ലാത്തതാണെന്നും Nuts And Bolts And Washers ഉപയോഗിച്ചിട്ടില്ലെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. ഏകദേശം ഒന്നരയിഞ്ച് വ്യത്യാസത്തിലാണ് 40x20 സ്ക്വയർ പൈപ്പുകൾ സ്ഥാപിച്ചിട്ടുള്ളത്. മേൽ സാഹചര്യത്തിൽ പൈപ്പുകൾക്ക് പിറകിലായി മെഷ് സ്ഥാപിച്ചതിന്റെ സാംഗത്യം വ്യക്തമല്ല. എസ്റ്റിമേറ്റിൽ ആവശ്യമായതിലും അധിക അളവിൽ 10.16.1 പ്രകാരം സ്റ്റീൽ വർക് ഉൾപ്പെടുത്തുകയും പ്രസ്തുത അളവിൽ തന്നെ പ്രവൃത്തി നിർവ്വഹിക്കുന്നതിന് കരാറുകാരന് സഹായകമാവുന്ന സമീപനമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ചിട്ടുള്ളത്. G.I Wire Mesh ന്റെ അനിവാര്യത വ്യക്തമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.28/30.07.2024) സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. 3,65,705 രൂപ വികസന ഫണ്ട് ജനറൽ വകയിരുത്തി 3,65,702 രൂപ ചെലവഴിച്ചതിൽ G.I Wire Mesh സ്ഥാപിക്കുന്നതിനായി ചെലവഴിച്ച 9,563 രൂപ ( ബിൽ നം. 169&170 Dt. 07.11.2023 ) ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-2 ആസൂത്രണത്തിലെ അപാകത മൂലം നിർവ്വഹിച്ച പ്രവൃത്തി പൊളിച്ചുമാറ്റി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പകൽ വീടുകളുടെ സംരക്ഷണം- അറ്റകുറ്റ പണി എന്ന പദ്ധതി പ്രകാരം കൽപത്തൂർ പകൽ വീടിന് റാംപ്, കൈവരി, ഗേറ്റ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. സ്ഥല പരിശോധനയിൽ സൈറ്റിൽ നിർമ്മിച്ച ഗേറ്റ് പൊളിച്ച് കെട്ടിടത്തിനുള്ളിൽ സൂക്ഷിച്ച നിലയിലാണുള്ളത്. 2023-24 ലെ 104/24 കൽപത്തൂർ പകൽ വീട് മാതൃകാ പകൽ വീടാക്കൽ എന്ന പദ്ധതി പ്രകാരം ഡോറും ഗ്രില്ലും സ്ഥാപിച്ചിട്ടുണ്ട്. ഡോർ സ്ഥാപിക്കുക എന്ന ഉദ്ദേശത്തോട് കൂടിയാണ് പദ്ധതി പ്രകാരം നിർമ്മിച്ച ചെറിയ ഗേറ്റ് പൊളിച്ച് മാറ്റിയിട്ടുള്ളത്. എം ബുക്ക് പ്രകാരം പൊളിച്ച് മാറ്റിയ ഗേറ്റിന്റെ ഭാരം 27.62 കിലോഗ്രാമാണ്. സമഗ്രമായ ആസൂത്രണത്തിന്റെ അഭാവമാണ് ആസ്തി പൊളിച്ച് മാറ്റേണ്ടി വന്നത്. പ്രസ്തുത പ്രവൃത്തിക്ക് വിനിയോഗിച്ച പണം പാഴാകുകയും ചെയ്തു. ( ജി.എസ്.ടി ഉൾപ്പെടെ - 4888 രൂപ ) . ചിത്രങ്ങൾ ചുവടെ ചേർക്കുന്നു.





അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.29/30.07.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി ഭാഗികമായി ആസൂത്രണം ചെയ്തതും ഡോറും ഗ്രില്ലും സ്ഥാപിക്കേണ്ട ഇടത്ത് ഉയരം കുറഞ്ഞ ഗേറ്റ് നിർമ്മിച്ചത് ആസൂത്രണത്തിലെ അപാകതയാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പൊളിച്ച് മാറ്റിയ ആസ്തിയുടെ മൂല്യമായ 4,888/- രൂപ ( ബിൽ നം. 14/27.05.2023) നിർവ്വഹണ ഉദ്യോഗസ്ഥയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 3-3 ശുചിത്വ കിണർ - അനർഹനായ ഗുണഭോക്താവിന് സബ്സിഡി നൽകി

തുറസ്സായ കിണർ ശുചിത്വ കിണറാക്കി മാറ്റുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | വി.ഇ.ഒ |
| പ്രൊജക്ട് നം. | 97/24 |
| അടങ്കൽ | 70000 |
| ഫണ്ട് | വികസനഫണ്ട് SCP |
| ചെലവ് | 70000 |
| ബിൽ നം.തി | 0/24/24.03.24 |

തുറസ്സായ കിണർ ശുചിത്വ കിണറാക്കി മാറ്റുന്നതിന് നടപ്പാക്കിയ മേൽ പദ്ധതിയിൽ സബ്സിഡിയായി 8,000/- നൽകാവുന്നതാണ്. സ.ഉ. (കൈ) നം.115/2022/തസ്വഭവ. തി.28.05.22 ഖ.2-15-(2) പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ പ്രകാരം എസ്.സി വിഭാഗത്തിൽപ്പെട്ടവർക്ക്

ഇതിനുള്ള വരുമാന പരിധി മൂന്ന് ലക്ഷം രൂപയാണ്. ഈ ഇനത്തിൽ ആനുകൂല്യം കൈപ്പറ്റിയ വാസു.വി അരീക്കുന്നത്ത് താമസിക്കും തെക്കയിൽ മീത്തൽ എന്ന ഗുണഭോക്താവിന് നൊച്ചാട് വില്ലേജ് ഓഫീസർ നൽകിയ വരുമാന സർട്ടിഫിക്കറ്റിൽ 317116/- രൂപ വരുമാനമുള്ളതായിക്കാണുന്നു. (സർട്ടിഫിക്കറ്റ് നം.83903156/29.02.24). ആനുകൂല്യത്തിനായി ഹാജരാക്കിയ റേഷൻ കാർഡിൽ ഗുണഭോക്താവ് സംസ്ഥാന സർക്കാർ ജീവനക്കാരനാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അധിക വരുമാനമുള്ളയാൾക്ക് സബ്സ്ഡി ആനുകൂല്യം നൽകിയത് വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/24 തീ.29.07.24) നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ 30.07.24 ന് സമർപ്പിച്ച മറുപടിയിൽ അനർഹനായ ഗുണഭോക്താവിന് നൽകിയ സബ്സിഡി തുക തിരിച്ച് പിടിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. സബ്സിഡി ഇനത്തിൽ നൽകിയ 8,000/- രൂപ ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| സാമ്പത്തിക | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2023-24 | 23.07.2024 മുതൽ 30.07.2024 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

### 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 4,04,120 | ലൈഫ് ഭവന പദ്ധതി 2023-24 പട്ടിക ജാതി | 4,04,120 | 0 |
| | 2023-24 | 7,32,303 | ലൈഫ് ഭവന പദ്ധതി 2023-24ജനറൽ | 7,32,303 | 0 |
| | 2023-24 | 2,00,000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, യാത്രാ ബത്ത | 2,00,000 | 0 |
| | 2023-24 | 3,29,000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 3,29,000 | 0 |
| | 2023-24 | 3,00,000 | കാലിത്തീറ്റ സബ്സിഡി | 300000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2023-24 | 8,33,150 | ലൈഫ് ഭവന പദ്ധതി 2023-24 പട്ടിക ജാതി | 833150 | 0 |
| | 2023-24 | 18,00,000 | ലൈഫ് ഭവന പദ്ധതി 2023-24 ജനറൽ | 18,00,000 | 0 |
| | 2023-24 | 1,80,000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, യാത്രാ ബത്ത | 1,80,000 | 0 |
| | 2023-24 | 1,00,000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 1,00,000 | 0 |
| | 2023-24 | 1,00,000 | കാലിത്തീറ്റ സബ്സിഡി | 1,00,000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./ വൗച്ചർ നം | നൽകിയ തുക |
|---|---|---|---|
| പൊതുമരാമത്ത് ഇലക്ട്രോണിക്സ് വിഭാഗം | ഗ്രാമപഞ്ചായത്തിലേക്ക് പ്രോജക്ടർ, പബ്ലിക് അഡ്രസിംഗ് സിസ്റ്റം എന്നിവ വാങ്ങൽ | - | 7,29,202/- |

പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഗ്രാമപഞ്ചായത്തിന് ഇത് വരെ ലഭിച്ചിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | തൻ വർഷത്തെ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |

| | | | | | |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി (HURDFC) | 1,02,40,000 | 89,47,146 | 22,22,102 | 0 | 1,69,65,044 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 36,72,588 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 3,02,214/- (പലിശ) 8,00,000/- |
| ആകെ | 47,74,802/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 47,84,802/- (4774802+10000-EMS Hospital Share) |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | സർട്ടിഫിക്കറ്റ് നം. & നിക്ഷേപിച്ച/ പുതുക്കിയ തിയതി | തുക |
|---|---|---|---|
| 1 | കൽപ്പത്തൂർ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | 101015908 | 12,27,814 |
| 2 | കൽപ്പത്തൂർ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | 102010754 | 1,23,886 |
| 3 | കൽപ്പത്തൂർ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | 102010755 | 2,10,706 |
| 4 | കൽപ്പത്തൂർ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | 101015906 | 7,71,793 |
| 5 | കൽപ്പത്തൂർ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | 101015907 | 16,40,603 |
| 6 | കേരള ബാങ്ക്, പേരാമ്പ്ര | 21364 | 8,00,000 |
| 7 | ഇ.എം.എസ്. ആശുപത്രി ഷെയർ | -- | 10,000 |

| | | | |
|---|---|---|---|
| | | ആകെ | 47,84,802/- |

## 4-7 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിച്ച തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഒടുക്കിയ ആളുടെ പേര് | ഒടുക്കിയ തുക | രശീതി നം./ തീയതി |
|---|---|---|---|---|---|
| 1 | 2022-23 | 3-1 | ഗോവിന്ദൻ നായർ.എൻ.എം | 77,063 | 1230302774 Dtd 22-12-2023 |
| 2 | 2022-23 | 3-2 | എം.എം.ബാലകൃഷ്ണൻ | 5,494 | 1230302785 Dtd 23-12-2023 |
| 3 | 2022-23 | 1-9(2) | സേതുനാഥ് | 600 | 1230303890 Dtd 23-02-2024 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | | 2003-04 | 11.14.1 | കുടിവെള്ള ജലസേചന പദ്ധതികൾ | തുടരുന്നു |
| 2015-16 | 3-1 | 2016-17 | 6(എ)1-3 | ആശ്രയ വീടിന് സ്ഥലം ആവശ്യമുള്ളവർ | തുടരുന്നു |
| 2015-16 | 3-1 | 2016-17 | 6(എ)1-8 | ആശ്രയ വീടിന് സ്ഥലം ആവശ്യമുള്ളവർ | തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| 2015-16 | 3-1 | 2016-17 | 6(എ)2-5 | വീട് റിപ്പയർ ആവശ്യമുള്ളവർ | തുടരുന്നു |
| 2015-16 | 2-5 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | തുടരുന്നു |

4-9 ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ആകെ വരവ്<br>(റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 5,68,09,398 |
| ആകെ ചെലവ്<br>(റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 5,45,81,241 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 22,451 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14,53,885 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | മേൽവിലാസം |
|---|---|---|---|
| 3-1 | 9,563 | ശ്രീമതി. നീന പി<br>അസി.എഞ്ചിനിയർ | കൊളത്തൊടി ഹൗസ്,<br>ചാലിയം പി.ഒ<br>കോഴിക്കോട്<br>673301<br>Aelsgdsectionnochad@Gmail.Com |
| 3-2 | 4,888 | ശ്രീമതി. നീന പി<br>അസി.എഞ്ചിനിയർ | കൊളത്തൊടി ഹൗസ്,<br>ചാലിയം പി.ഒ<br>കോഴിക്കോട് |

| | | | |
|---|---|---|---|
| | | | 673301<br>Aelsgdsectionnochad@Gmail.Com |
| 3-3 | 8,000 | ശ്രീ.യദുകൃഷ്ണൻ.ആർ.പി<br>വി.ഇ.ഒ | ഗോവിന്ദം ഹൗസ്<br>219 ബി, പേരാമ്പ്ര 673525<br>Yadhukrishna7559@Gmail.Com |
| ആകെ | 22,451 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 40,800 | ശ്രീ. അനീഷ് അരവിന്ദ്<br>സെക്രട്ടറി |
| 1-21 | 1,00,000 | ഡോ. റീന പാടിക്ക്<br>സീനിയർ മെഡിക്കൽ ഓഫീസർ |
| 1-32 | 4,83,883 | ശ്രീമതി. നീന പി<br>അസി.എഞ്ചിനിയർ |
| 1-34 | 8,29,202 | ശ്രീ. അനീഷ് അരവിന്ദ്<br>സെക്രട്ടറി |
| ആകെ | 14,53,885 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

1-26 12,532

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല -

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായ വരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീമതി. നീന പി<br>അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ<br>നൊച്ചാട്<br>ഗ്രാമപഞ്ചായത്ത് | കൊളത്തൊടി ഹൗസ്,<br>ചാലിയം പി.ഒ<br>കോഴിക്കോട്<br>673301<br>Aelsgdsectionnochad@Gmail.Com |
| ശ്രീ.യദുകൃഷ്ണൻ.ആർ.പി<br>വി.ഇ.ഒ | വി.ഇ.ഒ<br>നൊച്ചാട്<br>സർക്കിൾ 2 | ഗോവിന്ദം ഹൗസ്<br>219 ബി, പേരാമ്പ്ര 673525<br>Yadhukrishna7559@Gmail.Com |
| ശ്രീ. അനീഷ് അരവിന്ദ്<br>സെക്രട്ടറി | സെക്രട്ടറി<br>നൊച്ചാട്<br>ഗ്രാമപഞ്ചായത്ത് | ശ്രീഹരി ഹൗസ്<br>ചേനോളി റോഡ്, പേരാമ്പ്ര 673525<br>Aneesharavind2007@Gmail.Com |
| ഡോ. റീന പാടിക്ക്<br>മെഡി.ഓഫീസർ(ആയുർവേദം) | മെഡിക്കൽ<br>ഓഫീസർ, GAD,<br>നൊച്ചാട് | തൈപ്പറമ്പിൽ വീട്, കക്കാട് പി.ഒ,<br>പേരാമ്പ്ര വഴി<br>Patricreena@Gmail.Com |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 (പ്ലാൻ) | കെ.എസ്.എ.കെ.കെ.ഡി.പി1/383(1)/ 2022 തീ.29.9.22 | 1<br>(3) |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി1/383(1)/ 2022 തീ.29.9.22 | 2<br>(3-15, 3-19) |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി1/383(10)/ 2022 തീ.29.9.22 | 7<br>(2-3, 2-5, 3-1, 3-7, 3-8 3-9, 3-18) |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി1/383(11)/ 2022 തീ.29.9.22 | 6<br>(2-2(1,2,3), 3-3, 3-11, 3-20) |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി1/383(12)/ 2022 തീ.30.9.22 | 3<br>(3-9, 3-11(1, 3), 3-12) |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി1/383(13)/ 2022തീ.30.9.22 | 6<br>1-3(7),<br>1-7(ഡി),<br>1-8(3, 4ബി), 1-11, 1-13(2) |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി1/94/ 2022 തീ.21.4.22 | 1-1, 1-2(1, 3, 4, 7, 8, 9, 11, 13, 15, 16, 17, 18, 19),<br>1-4-5, 1-11, 1-13, 1-14, 1-16,<br>1-19, 1-20, 1-21, 1-22,<br>1-23, 3-1, 4-8, 4-10, 4-11 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി1/90/ 2022 തീ.18.5.22 | 1-1, 1-2-2, 1-2-10, 1-2-12, 1-2-13,<br>1-2-15, 1-2-16, 1-2-17, 1-2-18,<br>1-2-20, 1-2-21, 1-4-1,<br>1-6, 1-11, 1-12, 1-13, 1-14, 1-15,<br>1-16, 1-17, 1-18, 1-19, 1-20, 1-21,<br>1-22, 1-24, 1-26, 1-31, 1-33,<br>1-34, 4-8, 4-10, 4-11 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി.പി10/1155/ 2023 തീ.29.02.24 | 1-2-1(1,2,3,5,6,7,8,9,10,11,12,13,14),<br>1-4-1(1)(2), 1-8,1-9,1-10,1-11,<br>1-12,1-13, 1-14,1-15(1,2,4,5),<br>1-15(6),1-16,1-18,1-19,1-20,<br>1-23,1-24,1-27,1-28,1-29,<br>1-30,1-31,1-32,1-33,<br>1-34,3-1,4-8,4-11 |
| 2022-23 | കെ.എസ്.എ.കെ.കെ.ഡി.പി10/ 437/2024 തീ.08.05.24 | 1-1,1-1 (1 To 6), 1-9,1-11,1-12,<br>1-15,1-16,1-17,1-18,1-19,1-20,<br>1-21,1-22,1-26,1-28,1-29,1-30,<br>1-32(1), 1-33, 3-2, 4-11 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 15-05-2024 and submitted on 16-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Nochad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Nochad Grama Panchayat as on 31-03-2024

Date: 25/10/2024

Deputy Director
District Office Kozhikode
Kerala State Audit Department

**Audit Report appended to the Audit Certificate of Nochad Grama Panchayat for the Year 2023-2024 .**

**1.Major Observations**

1. Non Disclosure of Liability (The Queue Bill amounts in the financial year are not included as liability in the balance sheet)

**2.Other Observations**

1) The following mandatory fincancial statements prescribed in accounting rules are not included in AFS a) Basic Ratios b) Note to Accounts.

2) Expenditure regarding Maintenance works were not reflected in the Income and Expenditure Statement (1-14 (E).

3) Grand liability amount shown in Balance sheet does not match with bank account opened for the specific bank account.

4) The Net Increase/Decrease in cash flow does not match with the difference between the opening balance and closing balance of cash and cash equivalents in the cash flow statement.

5) Cheques uncashed for more than 3 months were not transferred to stale cheque account

6) Cheque deposited in the bank have not been credited till date.

7) All bank accounts in the name of panchayath were not included in the Annual Financial Statement.

8) Lapses in making timely and accurate demand entries in respect of tax and non tax revenues

9) No work sheet provided for calculating Depreciation

10) Proper Manual ACR not provided for funds received for specific purposes

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്